2025JANUARY
16
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കേരള ബാങ്കിന്റെ വായ്പാ വിതരണത്തിൽ വൻ കുതിപ്പ്

## വായ്പ 50000 കോടി രൂപ പിന്നിട്ടു

**തിരുവനന്തപുരം:** കേരളത്തിലെ 45 ബാങ്കുകളിൽ വായ്പാ ബാക്കിനിൽപ്പ് 50000 കോടിയ്ക്ക് മുകളിൽ എത്തിയ 5 ബാങ്കുകളിൽ ഒന്നായി കേരള ബാങ്ക്. കേരളം ആസ്ഥാനമായുള്ള ബാങ്കുകളിൽ വായ്പാ ബാക്കിനിൽപ്പിൽ രണ്ടാം സ്ഥാനവും കേരള ബാങ്കിനാണ്. സംസ്ഥാനത്തെ മൊത്തം ബാങ്ക് വായ്പയുടെ 8.42 ശതമാനവും കേരള ബാങ്ക് വഴി നൽകുന്ന വായ്പകളാണെന്ന് കേരള ബാങ്ക് ആസ്ഥാനത്തു നടന്ന് വാർത്താസമ്മേളനത്തിൽ സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു.

കേരള ബാങ്കിന്റെ വായ്പാ ബാക്കിനിൽപ്പ് ബാങ്കിന്റെ ചരിത്രത്തിലാദ്യമായാണ് 50000 കോടി രൂപ പിന്നിട്ടത്. രൂപീകരണ സമയത്ത് മൊത്തം വായ്പ 37766 കോടി രൂപയായിരുന്നു. വ്യക്തികളും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ഉൾപ്പെട്ട ഉപഭോക്താക്കൾക്കാണ് 50000 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിരിക്കുന്നത്.മറ്റ് ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപം കേരളത്തിൽ തന്നെ വായ്പയായി വിതരണം ചെയ്ത് സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് കൂടുതൽ കരുത്തേകുന്നു എന്നതാണ് ഈ വായ്പയുടെ പ്രത്യേകത. നിലവിൽ കേരള ബാങ്കിന്റെ വായ്പാനിക്ഷേപ അനുപാതം 75 ശതമാനം ആണ്. ഇത് സംസ്ഥാനത്തെ മറ്റു ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന വായ്പാനിക്ഷേപ അനുപാതമാണ്. മൊത്തം വായ്പയിൽ 25 ശതമാനം കാർഷിക മേഖലയിലും 25 ശതമാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുമാണ് വിതരണം ചെയ്തിട്ടുള്ളത്. കേരളത്തിന്റെ ഗ്രാമീണ സാമ്പത്തിക മേഖലയുടെയും കാർഷിക, ചെറുകിട സംരംഭക മേഖലയുടെയും വളർച്ചയ്ക്കും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വായ്പകളിലൂടെ കഴിഞ്ഞിട്ടുണ്ട്. ചെറുകിട സംരംഭക മേഖലയ്ക്ക് മാത്രം മൊത്തം വായ്പയുടെ 12.30 ശതമാനം വായ്പ നൽകിയിട്ടുണ്ട്. 2024 ഡിസംബർ 31 വരെ 145099 വായ്പകളിലായി 6203 കോടി രൂപയാണ് ചെറുകിട സംരംഭക മേഖലയ്ക്ക് നൽകിയിട്ടുള്ളത്.രാജ്യത്തെ 33 സംസ്ഥാന സഹകരണ ബാങ്കുകളിൽ 50000 കോടി വായ്പ ബാക്കി നിൽപ്പ് പിന്നിട്ട ആദ്യ ബാങ്ക് കേരള ബാങ്കാണ്. രണ്ടാം സ്ഥാനത്തുള്ള മഹാരാഷ്ട്ര സംസ്ഥാന സഹകരണ ബാങ്കിന്റെ 2024 മാർച്ച് 31 വരെയുള്ള വായ്പ 33682 കോടി രൂപയാണ്. രാജ്യത്തെ സംസ്ഥാന സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന്റെ 30 ശതമാനവും മൊത്തം വായ്പയുടെ 19 ശതമാനവും കേരള ബാങ്കിന്റെ സംഭാവനയാണ്.

# നിയമസഭയുടെ പതിമൂന്നാമത് സമ്മേളനം ജനുവരി 17ന് തുടങ്ങും; ബജറ്റ് അവതരണം ഫെബ്രുവരി 7ന്

**തിരുവനന്തപുരം:** പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാമത് സമ്മേളനം ജനുവരി 17ന് ആരംഭിക്കുമെന്ന് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഗവർണറുടെ നയപ്രഖ്യാപനത്തോടെ ആരംഭിക്കുന്ന സമ്മേളനത്തിൽ 202526 സാമ്പത്തിക വർഷത്തെ ബജറ്റ് സഭയിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്തു പാസ്സാക്കുകയും ചെയ്യും.

ജനുവരി 17 മുതൽ മാർച്ച് 28 വരെയുള്ള കാലയളവിൽ ആകെ 27 ദിവസം സഭ ചേരുന്നതിനാണ് സമ്മേളന കലണ്ടർ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ജനുവരി 20, 21, 22 തീയതികൾ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കായി നീക്കി വച്ചിരിക്കുന്നു.

ഫെബ്രുവരി 7 വെള്ളിയാഴ്ച 202526 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണവും 10, 11, 12 തീയതികളിൽ ബജറ്റിന്മേലുള്ള പൊതു ചർച്ചയും നടക്കും. 13ന് 202425 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകൾ പരിഗണിക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ട്.

14 മുതൽ മാർച്ച് 2 വരെ സഭ ചേരുന്നതല്ല. ഈ കാലയളവിൽ വിവിധ സബ് കമ്മിറ്റികൾ യോഗം ചേർന്ന് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തും. മാർച്ച് 4 മുതൽ 26 വരെയുള്ള കാലയളവിൽ 202526 വർഷത്തെ ധനാഭ്യർത്ഥനകൾ സഭ വിശദമായി ചർച്ച ചെയ്തു പാസ്സാക്കും.

202425 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്നതും 202526 വർഷത്തെ ബജറ്റിനെ സംബന്ധിക്കുന്നതുമായ രണ്ടു ധനവിനിയോഗ ബില്ലുകൾ ഈ സമ്മേളനത്തിൽ പാസ്സാകേണ്ടതുണ്ടെന്നും ഗവണ്മെന്റ് കാര്യങ്ങൾക്കായി നീക്കി വച്ചിട്ടുള്ള ദിവസങ്ങളിലെ ബിസിനസ് ക്രമീകരിക്കുന്നത് സംബന്ധിച്ച് കാര്യോപദേശക സമിതി ചേർന്ന് പിന്നീട് തീരുമാനിക്കുമെന്നും സ്പീക്കർ അറിയിച്ചു. നിശ്ചയിച്ചിട്ടുള്ള നടപടികൾ എല്ലാം പൂർത്തീകരിച്ച് മാർച്ച് 28ന് സഭ പിരിയും.

# ഗാസ: 15 മാസത്തെ യുദ്ധത്തിന് വിരാമം; വെടിനിർത്തൽ കരാർ ഞായറാഴ്ച പ്രാബല്യത്തിൽ വരും

**ദോഹ / ജറുസലം:** 15 മാസം പിന്നിട്ട ഗാസ യുദ്ധത്തിനു വിരാമമിട്ട് വെടിനിർത്തൽ കരാർ ഇസ്രയേലും ഹമാസും അംഗീകരിച്ചു. യുഎസിന്റെ നേതൃത്വത്തിലും ഖത്തറിന്റെയും ഈജിപ്തിന്റെയും മധ്യസ്ഥതയിലും ദോഹയിൽ ഒരാഴ്ചയിലേറെ നീണ്ട ചർച്ചകളാണു വിജയം കണ്ടത്. വെടിനിർത്തൽ കരാർ ഞായറാഴ്ച പ്രാബല്യത്തിൽ വരുമെന്നു ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽറഹ്മാൻ അൽത്താനി വ്യക്തമാക്കി.

ഇന്ന് ഇസ്രയേലിന്റെ യുദ്ധകാല കാബിനറ്റ് കരാറിന് അന്തിമ അംഗീകാരം നൽകുമെന്നു പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ ഓഫിസ് അറിയിച്ചു. ഡോണൾഡ് ട്രംപ് പ്രസിഡന്റായി സ്ഥാനമേൽക്കുന്ന 20നു മുൻപ് വെടിനിർത്തൽ പ്രഖ്യാപനം നടത്താൻ യുഎസ് സമ്മർദം ചെലുത്തിയിരുന്നു. തന്റെയും ട്രംപിന്റെയും സംഘങ്ങളുടെ ഒരുമിച്ചുള്ള ശ്രമങ്ങളാണു വെടിനിർത്തലിലേക്കു നയിച്ചതെന്നു സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ജോ ബൈഡൻ പറഞ്ഞു. ഗാസ ജനതയുടെ ധീരതയുടെ വിജയമാണിതെന്നു ഹമാസ് പ്രതികരിച്ചു. വെടിനിർത്തൽ പ്രഖ്യാപനം വന്നതോടെ ഗാസയിലെങ്ങും ജനം ആഹ്ലാദപ്രകടനം നടത്തി.

ഗാസഈജിപ്ത് അതിർത്തിയിലെ ഫിലഡൽഫിയ ഇടനാഴിയിൽ സൈന്യം തുടരുമെന്ന ഇസ്രയേൽ നിലപാടിനെ ഹമാസ് എതിർത്തത് ചർച്ചകൾക്കു തടസ്സം സൃഷ്ടിച്ചിരുന്നു. ഇരുപക്ഷവുമായി ഖത്തർ പ്രധാനമന്ത്രി വെവ്വേറെ നടത്തിയ അവസാനഘട്ട ചർച്ചകളിലാണു ധാരണയായത്. വെടിനിർത്തലിന്റെ ആദ്യഘട്ടത്തിൽ ഇവിടെ ഇസ്രയേൽ സൈനികസാന്നിധ്യം കുറച്ചുകൊണ്ടുവരാൻ ധാരണയായി.

42 ദിവസം നീളുന്ന ആദ്യഘട്ടത്തിന്റെ തുടക്കത്തിൽ, ഹമാസിന്റെ ബന്ദികളായ 100 പേരിൽ 33 പേരെ മോചിപ്പിക്കും. പകരം ഇസ്രയേൽ ജയിലിലുള്ള നൂറിലേറെ പലസ്തീൻകാരെ വിട്ടയയ്ക്കും. ഗാസയിലെ ജനവാസമേഖലകളിൽനിന്നു ഇസ്രയേൽ സൈന്യം പിൻമാറുകയും ചെയ്യും. ആദ്യഘട്ടം തീരുംമുൻപുതന്നെ രണ്ടാംഘട്ടത്തിനുള്ള ചർച്ച ആരംഭിക്കും.യുദ്ധത്തിൽ ഗാസയുടെ ഭൂരിഭാഗം പ്രദേശവും തകർന്നടിയുകയും 23 ലക്ഷം പലസ്തീൻകാരിൽ 90 ശതമാനവും അഭയാർഥികളായി മാറുകയും ചെയ്തു. യുദ്ധത്തിനു കാരണമായ 2023 ഒക്ടോബർ 7ലെ ഹമാസ് കടന്നാക്രമണത്തിൽ തെക്കൻ ഇസ്രയേലിൽ 1200 പേരാണു കൊല്ലപ്പെട്ടത്. 250 പേരെ ഹമാസ് ബന്ദികളാക്കി. നവംബറിൽ ഹ്രസ്വകാല വെടിനിർത്തലിൽ ഇതിൽ പകുതിയോളം പേരെ വിട്ടയച്ചിരുന്നു.അതിനിടെ, 24 മണിക്കൂറിൽ ഗാസയിൽ ഇസ്രയേൽ ആക്രമണങ്ങളിൽ 62 പേർ കൊല്ലപ്പെട്ടതോടെ ആകെ മരണം 46,707 ആയി. 1,10,265 പേർക്കു പരുക്കേറ്റു.






പനമ്പിള്ളി നഗർ റോട്ടറി ബാലഭവൻ ലേണിംഗ് ഫ്രണ്ട്ലി എറണാകുളം ഡിസ്ട്രിക്റ്റ് പദ്ധതിയുടെ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണ ഉദ്ഘാടനം ഐ.എ.പി. കൊച്ചി പ്രസിഡന്റ് ഡോ. വിവിൻ അബ്രാഹം നിർവ്വഹിക്കുന്നു. ഡോ. എബി മാത്യു, ഡോ. അബ്രാഹം കെ.പോൾ, രാജേഷ് നായർ,ഡോ. പ്രവീണ,ഡോ. രോഹിൻ അബ്രാഹം തുടങ്ങിയവർ സമീപം.

# ലേണിംഗ് ഫ്രണ്ട്‌ലി എറണാകുളം ഡിസ്ട്രിക്റ്റ് ; സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

**കൊച്ചി :** ലേണിംഗ് ഫ്രണ്ട്ലി എറണാകുളം ഡിസ്ട്രിക്റ്റ് പദ്ധതിയുടെ ഭാഗമായി കുട്ടികളിലെ പഠനവൈകല്യം കണ്ടെത്തുന്നതിന് സംഘടിപ്പിച്ച പരിശീന കോഴ്സ് പൂർത്തിയാക്കിയ എസ്.സി.എം.എസ് കോളജിലെ 50 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. പനമ്പിള്ളി നഗർ ചൈൽഡ് കെയർ സെന്ററിൽ ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സിന്റെ ( ഐ.എ.പി) കൊച്ചി ചാപ്റ്റർ പ്രസിഡന്റ് വിവിൻ അബ്രാഹത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ പ്രസിഡന്റ് റോട്ടേറിയൻ രാജേഷ് നായർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 2023 ഡിസംബർ മുതൽ 2024 മാർച്ച് വരെ നടന്ന പരിശീലന കോഴ്സ് പൂർത്തിയാക്കിയവർക്കാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. ചൈൽഡ് കെയർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അബ്രാഹം കെ.പോൾ, ഐ.എ.പി.കൊച്ചി സെക്രട്ടറി ഡോ. എബി മാത്യു, വൈസ് പ്രസിഡന്റ് ഡോ. രോഹിൻ അബ്രാഹം, എസ്.സി.എം.എസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് വൈസ് ചെയർമാൻ പ്രമോദ് തവന്നൂർ, ഡപ്യൂട്ടി ഡീൻ ഡോ.ഡോ.പ്രവീണ തുടങ്ങിയവർ പ്രസംഗിച്ചു.

എസ്.സി.എം.എസ് കോളജിലെ പരിശീലകരുടെ പരിശീലനം പൂർത്തിയാക്കിയ 50 കുട്ടികളുടെ നേതൃത്വത്തിൽ ജില്ലയിലെ അയിരത്തിൽപരം സ്കൂൾ അദ്ധ്യാപകർക്ക് കുട്ടികളിലെ പഠനവൈകല്യം നേരത്തേ തിരിച്ചറിച്ച് സംശയിക്കപ്പെടുന്ന കേസുകൾ വിശദമായ വിലയിരുത്തലിനും പരിഹാരത്തിനുമായി പരിശീലനം നൽകുന്നതാണ് പദ്ധതി. ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്( ഐ.എ.പി) നേതൃത്വത്തിൽ ജില്ലാ ഭരണകൂടം, പനമ്പിള്ളിനഗർ ചൈൽഡ് കെയർ സെന്റർ, റോട്ടറി ബാലഭവൻ, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ, എസ്.സി.എം.എസ് കോളജ് എന്നിവർ സംയുക്തമായാണ് പരിശീലന പദ്ധതി നടപ്പാക്കുന്നത്.

## ഉന്നത വിദ്യാഭ്യാസ വകുപ്പ് ഏഴു മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങും

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏഴു മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായതായി മന്ത്രി ആർ.ബിന്ദു. കുസാറ്റിൽ നടന്ന ദ്വിദിന ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ സമാപന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിവിധ സർവകലാശാലകളുടെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ബിൽ അടുത്ത നിയമസഭ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഫോർ സോഷ്യൽ സയൻസസ് ആൻഡ് ഹ്യുമാനിറ്റീസ്, കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യുക്കേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വിറ്റി, സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗ്, സെന്റർ ഫോർ ഇൻഡിജിനസ് പീപ്പിൾസ് എഡ്യുക്കേഷൻ, കേരള ലാംഗ്വേജ് നെറ്റ്‌വർക്ക് തുടങ്ങിയ മികവിന്റെ കേന്ദ്രങ്ങൾക്കുള്ള ഭരണാനുമതിയും ഫണ്ട് വകയിരുത്തലും പൂർത്തിയായതായും മന്ത്രി പറഞ്ഞു. ശ്യാം മേനോൻ കമ്മീഷൻ നിർദ്ദേശപ്രകാരമാണ് സെന്ററുകൾ ആരംഭിക്കുന്നത്. ആഗോള നിലവാരത്തിലുള്ള വിദ്യാഭ്യാസമാണ് ഈ കേന്ദ്രങ്ങളിൽ ഒരുക്കുന്നത്. ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധങ്ങൾ സ്ഥാപിക്കുകയെന്നതാണ് ഇതുവഴി ലക്ഷ്യമിടുന്നത് മന്ത്രി പറഞ്ഞു.

നൂതന ഗവേഷണത്തിനും നവീകരണത്തിനുമുള്ള അന്താരാഷ്ട്ര നിലവാരമുള്ള സ്വയംഭരണ കേന്ദ്രമായാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ് ടെക്നോളജി ആൻഡ് ഇന്നൊവേഷൻ ആരംഭിക്കുന്നത്. നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ് സിസ്റ്റം ബയോളജി, ബിഗ് ഡാറ്റ അനലിറ്റിക്സ്, റോബോട്ടിക്സ്, എനർജി എഞ്ചിനീയറിംഗ്, ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സസ്റ്റെനബിലിറ്റി വെതർ മോഡലിംഗ്, കമ്പ്യൂട്ടേഷണൽ ഫിസിക്സ് തുടങ്ങിയവയിൽ മികച്ച പരിശീലനം നൽകും.സാമൂഹിക ശാസ്ത്രം, മാനവികത, ഭാഷകൾ, കലകൾ എന്നിവയിലെ സ്കോളർഷിപ്പുകൾക്ക് പുതിയ ദിശകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഫോർ സോഷ്യൽ സയൻസസ് ആൻഡ് ഹ്യുമാനിറ്റീസ് സ്ഥാപിക്കുന്നത്. കേരളത്തിന്റെ ചരിത്രം, സമൂഹം, സമ്പദ്‌വ്യവസ്ഥ, സാംസ്കാരിക രീതികൾ എന്നിവയിലെ നൂതന പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമുള്ള അവസരമാണ് ഇതുവഴി ഒരുങ്ങുന്നതെന്നും മന്ത്രി പറഞ്ഞു.

ഗവേഷണത്തിനുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ഗവേഷണ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഗവേഷകരെ സഹായിക്കുന്നതിനും, വിവിധ ഏജൻസികളിൽ നിന്ന് ഗവേഷണ ഫണ്ടുകൾ സമാഹരിക്കുന്നതിന് അധ്യാപകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതികളാണ് കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യുക്കേഷനിലൂടെ ആസൂത്രണം ചെയ്യുന്നത്.

അധ്യാപക സഹകരണവും സാമൂഹിക പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനായി പാഠ്യപദ്ധതികളിൽ അധ്യാപകർക്ക് പതിവായി പരിശീലനം സംഘടിപ്പിക്കുക എന്നതാണ് സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗിന്റെ ലക്ഷ്യം. ഉദ്യോഗസ്ഥർക്കും ഗുണനിലവാരമുള്ള പരിശീലനം നൽകും.

ആദിവാസി സമൂഹങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശീയ ജനതയുടെ അറിവ്, അവരുടെ വിദ്യാഭ്യാസം, ക്ഷേമം എന്നിവയെക്കുറിച്ചുള്ള ഗവേഷണം നടത്തുന്നതിനുമായിട്ടാണ് സെന്റർ ഫോർ ഇൻഡിജിനസ് പീപ്പിൾസ് എഡ്യുക്കേഷൻ സ്ഥാപിക്കുന്നത്.

മലയാളത്തെ ഒരു വിജ്ഞാന ഭാഷയായി വികസിപ്പിക്കുന്നതിനും മലയാളി വിദ്യാർത്ഥികൾക്ക് വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിനുമായിട്ടാണ് കേരള ലാംഗ്വേജ് നെറ്റ്‌വർക്ക് ആരംഭിക്കുന്നത്.

# സൗജന്യ സ്കോളിയോസിസ് രോഗനിർണ്ണയ ക്യാമ്പ്

**കൊച്ചി :** നട്ടെല്ലിനുണ്ടാകുന്ന സ്കോളിയോസിസ് രോഗം നേരത്തേ കണ്ടെത്താൻ വിപിഎസ് ലേക്ഷോർ നടത്തുന്ന ഒരുമാസം നീണ്ടുനിൽക്കുന്ന സൗജന്യ സ്കോളിയോസിസ് നിർണ്ണയക്യാമ്പ് ജനുവരി 15ന് തുടങ്ങും. വിപിഎസ് ലേക്ഷോറിൽ നടക്കുന്ന ക്യാംപിൽ നടുവേദന, കഴുത്ത് വേദന, ഡിസ്ക് പ്രൊലാപ്സ്, കുട്ടികളിലെ നട്ടെല്ലിലെ വളവ് കൂന്, തുടങ്ങിയ രോഗങ്ങൾക്കുള്ള പരിശോധനകളും ചികിത്സയും ലഭ്യമാകും. ക്യാംപിൽ പങ്കെടുന്നവർക്കു നട്ടെല്ലിന്റെ എംആർഐ സ്കാൻ, എക്സ്റേ, ലാബ് ടെസ്റ്റ് തുടങ്ങിയവയ്ക്ക് 50 ശതമാനം വരെ ഇളവും ലഭിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈൻ ആൻഡ് സ്കോളിയോസിസ് സർജറി ഡയറക്ടർ ഡോ. ആർ കൃഷ്ണകുമാറിന്റെ നേതൃത്വത്തിലാണ് ക്യാംപ് നടക്കുക. ഫെബ്രുവരി 15ന് സമാപിക്കും. ബുക്കിങ്ങിന് വിളിക്കേണ്ട നമ്പർ: 7594001279.

# ക്ലൈമറ്റ് റസീലിന്റ് കോസ്റ്റൽ ഫിഷർമാൻ വില്ലേജ് പദ്ധതി അവലോകനം ചെയ്തു

**കൊച്ചി :** തീരത്തോട് ചേർന്നുള്ള 100 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളെ കാലാവസ്ഥാ വ്യതിയാനങ്ങളിൽ നിന്നും പ്രതിരോധിക്കുന്നതിനു തീരദേശ മത്സ്യഗ്രാമങ്ങളായി (സിആർസിഎഫ് വി) വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ക്ലൈമറ്റ് റസീലിട്ട് കോസ്റ്റൽ ഫിഷർമാ 'വില്ലേജ് (സിആർസിഎഫ് വി).

ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ എടവനക്കാട്, ഞാറക്കൽ എന്നിവിടങ്ങളിൽ ചേർന്ന യോഗങ്ങളിൽ കേന്ദ്ര ഫിഷറീസ്, ക്ഷീര, മൃഗസംരക്ഷണ സഹമന്ത്രി ജോർജ് കുര്യൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും പങ്കെടുത്തു.

ഞാറക്കലിൽ ചേർന്ന യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി രാജു അധ്യക്ഷയായിരുന്നു.

എറണാകുളം(മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മാജാ ജോസ് പി. സ്വാഗതം ആശംസിച്ചു. പദ്ധതിയെക്കുറിച്ച് ഫിഷറീസ് അഡീഷണൽ ഡയറക്ടർ സ്മിത ആർ. നായർ വിശദീകരിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഡോണോ മാസ്റ്റർ, അഡ്വ. ഷൈനി എം. ബി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അഗസ്റ്റിൻ മണ്ടോത്ത് എന്നിവർ ചടങ്ങിൽ സിഹിതരായിരുന്നു. എടവനക്കാട് മത്സ്യഗ്രാമത്തിൽ നടന്ന ചടങ്ങിൽ എടവനക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൾ സലാം സ്വാഗതം ആശംസിച്ചു. പദ്ധതിയെക്കുറിച്ച് ഫിഷറീസ് അഡീഷ്ണൽ ഡയറക്ടർ സ്മിത ആർ. നായർ വിശദീകരിച്ചു. ഹൈബി ഈഡൻ എം പി , എടവനക്കാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി. കെ ഇക്ബാൽ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ട്രീസ ക്ലീറ്റസ്, എറണാകുളം (മദ്ധ്യമേഖല) ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഡോ. ആശ അഗസ്റ്റിൻ, കെ എസ് സി എ ഡി സി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

പദ്ധതിയുടെ ഉപഘടകമായ മാർക്കറ്റ് നവീകരണം നടക്കുന്ന ഞാറക്കൽ, എടവനക്കാട് ഫിഷ്മാർക്കറ്റുകൾ മന്ത്രി സന്ദർശിച്ചു. പദ്ധതി രൂപരേഖയെപ്പറ്റി നിർമ്മാണ ഏജൻസിയായ കെ എസ് സി എ ഡി സി അംഗങ്ങൾ മന്ത്രിക്ക് വിശദീകരിച്ചു. തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ മന്ത്രി ഫിഷറീസ് ഉദ്യോഗസ്ഥർക്കും കെ എസ് സി എ ഡി സി അംഗങ്ങൾക്കും നൽകി.

## വിദ്യാർത്ഥികളെ സംരംഭകത്വത്തിലേക്ക് നയിക്കാൻ ഡ്രീംവെസ്റ്റർ 2.0 പദ്ധതിയുമായി അസാപ് കേരള

**തിരുവനന്തപുരം:** കേരളത്തിലെ യുവ സംരംഭകരുടെ വളർച്ചയ്ക്കും പുതിയ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനുമായി അസാപ് കേരള, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി) സഹകരണത്തോടെ 'ഡ്രീംവെസ്റ്റർ 2.0" പദ്ധതി സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് സ്വന്തം ആശയങ്ങളെ സംരംഭങ്ങളായി മാറ്റാനുള്ള അവസരവും സാമ്പത്തിക പിന്തുണയും നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ട ബോധവത്കരണ ശില്പശാലകൾ ഡിസംബർ മാസത്തിൽ വിജയകരമായി നടപ്പിലാക്കിയിരുന്നു. അടുത്തഘട്ടമായ സംസ്ഥാനതല ഐഡിയത്തോൺ മത്സരത്തിനായി താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് 3 മുതൽ 5 പേർ അടങ്ങുന്ന ടീമുകളായി പേര് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്ന ടീമുകൾക്ക് ഡിസൈൻതിങ്കിങ് വർക്ക്ഷോപ്പ് സംഘടിപ്പിക്കും. സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും ഒരു ലക്ഷം രൂപ വീതം സാമ്പത്തിക സഹായം ലഭ്യമാക്കാനും ഉതകുന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മികച്ച ആശയങ്ങൾ കൈവശമുള്ള പ്രീ ഫൈനൽ, ഫൈനൽ ഇയർ വിദ്യാർത്ഥികൾക്ക് https://dreamvestor.asapkerala.gov.in എന്ന ലിങ്ക് വഴി ജനുവരി 25 വരെ അപേക്ഷ സമർപ്പിക്കാം. രജിസ്ട്രേഷൻ സൗജന്യമാണ്.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയുടെ കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇന്ത്യയിലും വിദേശത്തും നിരവധി തൊഴിൽ അവസരങ്ങൾ നേടാൻ സഹായകമായ ഈ കോഴ്സിലേക്ക് ജനുവരി 20ന് മുമ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://csp.asapkerala.gov.in/courses/general-fitnesst-rainer എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ: 9495999693.

# വിദ്യാർത്ഥികളിലെ നൂതന ആശയങ്ങളെ ഉപയോഗപെടുത്താൻ വ്യവസായ അക്കാദമിക് സഹകരണം അനിവാര്യം

**കൊച്ചി:** വിദ്യാർത്ഥികളിലെ നൂതന ആശയങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ വ്യവസായ അക്കാദമിക സമൂഹ സഹകരണം അനിവാര്യമാണെന്ന് വിലയിരുത്തി ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്. വ്യവസായ അക്കാദമിക സമൂഹ സഹകരണം എന്ന വിഷയത്തിൽ കോൺക്ലേവിൽ നടന്ന പാനൽ ചർച്ച മികച്ച ആശയങ്ങളും അനുഭവങ്ങൾക്കും വേദിയായി മാറി.

പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് മികച്ച കരിയർ വളർത്തിയെ ടുക്കാൻ വ്യവസായ അക്കാദമിക് സഹകരണത്തിലൂടെ സാധിക്കും. വിദ്യാർത്ഥികളുടെ ഗവേഷണ മികവിനെ വ്യവസായ മേഖലയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി നേട്ടങ്ങൾ കൈവരിക്കാൻ കഴിയും . അക്കാദമിക് പാഠങ്ങൾക്കൊപ്പം വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിന് പ്രാധാന്യം നൽകി മുന്നോട്ട് പോകേണ്ടത് അനിവാര്യമാണെന്നും സെമിനാർ വിലയിരുത്തി.

വ്യവസായവും അക്കാദമിക സമൂഹവുമായുള്ള പങ്കാളിത്തത്തിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച ഭാവി സൃഷ്ടിക്കാൻ കഴിയുന്നതിനൊപ്പം തന്നെ വിവിധ മേഖലയിലെ പുരോഗതിയും സാധ്യമാകും. വ്യവസായ അക്കാദമിക് സഹകരണം കൂടുതൽ തൊഴിൽ സാധ്യകൾക്ക് വഴി തുറക്കും. ശാസ്ത്ര സാങ്കേതിക കണക്കിതര വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസായ സഹകരണത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് സെമിനാർ വിലയുരുത്തി.

രണ്ടു ഭാഗമായി നടന്ന പാനൽ ചർച്ചയിൽ സ്റ്റെം, മേഖലയിലെയും, സ്റ്റെം ഇതര മേഖലയിലെയും വ്യവസായ അക്കാദമിക് സഹകരണത്തെ കുറിച്ച് ചർച്ച ചെയ്തു. അക്കാദമിക് വ്യവസായ രംഗത്തെ പ്രമുഖർ തങ്ങളുടെ അനുഭവങ്ങളും, ആശയങ്ങളും പങ്കുവച്ചു. ചർച്ചയ്ക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ബാലഗോപാൽ ചന്ദ്രശേഖർ നേതൃത്വം നൽകി. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഡയറക്ടർ ഡോ. സഞ്ജയ് ബെഹരി പ്രഭാഷണം നടത്തി.

എ. പി. ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ.കെ ശിവപ്രസാദ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ പി. ആർ ഷാജി, ഐ.സി.ടി അക്കാദമി സി ഇ ഒ മുരളീധരൻ മണ്ണിങ്ങൽ, കെൽട്രോൺ ടെക്നിക്കൽ ഡയറക്ടർ ഡോ. എസ് വിജയൻ പിള്ള, കാൻകോർ ഇൻഗ്രീഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ജീമോൻ കോര, അസാപ്പ് സി.ഇ.ഒ ഡോ ഉഷാ ടൈറ്റസ്, കോളേജയ്റ്റ് എജുക്കേഷൻ ഡയറക്ടർ കെ സുധിർ, ഐ.സി.ഐ.സി.ഐ പ്രോഡൻഷ്യൽ ഇൻഷുറൻസ് പ്രൊജക്റ്റ് മാനേജ്മെന്റ് ഹെഡ് ഗിരീഷ് കൃഷ്ണൻ, ജിയോ ജിത് ചീഫ് എച്. ആർ കമൽ മാമ്പിള്ളി, ഫെഡറൽ ബാങ്ക് എച്.ആർ ഡിവിഷൻ ഹെഡ് രാജ് നാരായണൻ, എസ്.എഫ്.ഒ ടെക്നോളജി സി ഇ ഒ ഡോ. പ്രിൻസ് ജോസഫ്, സിന്ദേറ്റ് ഇൻഡസ്ട്രീസ് ചീഫ് ഡെവലപ്മെന്റ് ഓഫീസർ വിശാൽ മേനോൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു

നൂതന സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അധ്യാപകരുടെ വിദ്യാഭ്യാസം പരിഷ്കരിക്കുന്നത് കേരളത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ കൂടുതൽ സുഗമമാക്കുമെന്ന നിരീക്ഷണവുമായി ഉന്നത വിദ്യഭ്യാസ കോൺ ക്ലേവ്. അധ്യാപക വിദ്യാഭ്യാസം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിലാണ് നിർദേശം

ഡിജിറ്റൽ സാങ്കേതികവിദ്യകൾ ദിനംപ്രതി വ്യാപകമാക്കുന്ന സാഹചര്യത്തിൽ അവയുടെ ഗുണപരമായ വശങ്ങൾ വിദ്യാഭ്യാസ മേഖലയിലും പ്രയോജനപ്പെടുത്തണം. അതിനായി സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യാൻ അധ്യാപകർ പ്രാപ്തരാകണം. കൃത്യമായ പരിശീലനം അധ്യാപകർക്കു നൽകണം. നൂതന ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നൈപുണ്യമുള്ള അധ്യാപകരെ സൃഷ്ടിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കണം. അതിലൂടെ മാത്രമേ മികച്ച വിദ്യാർത്ഥികളെ സൃഷ്ടിക്കാനാകൂ.

അക്കാദമിക് വാവ്സൺ ഓപ്പൺ യൂണിവേഴ്സിറ്റി മുൻ ഡപ്യൂട്ടി വൈസ് ചാൻസലർ പ്രൊഫ. മോഹൻ ബി മേനോൻ സെമിനാറിൽ മോഡറേറ്ററായി. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. എൽ.സുഷമ, ലങ്കാസ്റ്റർ യൂണിവേഴ്സിറ്റി പ്രൊഫസർ പ്രൊഫ.ഡോൺ പാസി, ഫറോക്ക് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ടി.മുഹമ്മദ് സലീം എന്നിവർ സെമിനാറിൽ പങ്കെടുത്തു.

# ആരോഗ്യ വകുപ്പിൽ 570 പുതിയ തസ്തികകൾ സൃഷ്ടിച്ചു

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക ലക്ഷ്യം

**തിരുവനന്തപുരം:** നിർമ്മാണം പൂർത്തിയാക്കിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിന് 570 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകി. അസിസ്റ്റന്റ് സർജൻ 35, നഴ്സിംഗ് ഓഫീസർ ഗ്രേഡ് കക 150, ഫാർമസിസ്റ്റ് ഗ്രേഡ് കക 250, ലാബ് ടെക്നീഷ്യൻ ഗ്രേഡ് കക 135 എന്നിങ്ങനെയാണിത്. നിയമന നടപടികൾ പൂർത്തിയായ ശേഷം അടുത്തഘട്ടമായി അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കും.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ആരോഗ്യ മേഖലയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം കാരണമാണ് ഇത്രയും തസ്തികകൾ ഒന്നിച്ച് സൃഷ്ടിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. പ്രാഥമിക തലത്തിൽ തന്നെ ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ താഴെത്തട്ടിൽ വരെ എത്തിക്കുക എന്നതാണ് ജനകീയ ആരോഗ്യകേന്ദ്രങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തു. 3 മെഡിക്കൽ ഓഫീസർ, 4 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, 1 ലാബ് ടെക്നീഷ്യൻ എന്നിങ്ങനെയാണ് ഒരു കുടുംബാരോഗ്യ കേന്ദ്രത്തിലുണ്ടാകുക. ഒന്നും രണ്ടും ഘട്ടമായി സൃഷ്ടിച്ച തസ്തികൾക്ക് പുറമേയാണ് നിർമ്മാണം പൂർത്തിയാക്കിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി തസ്തികകൾ സൃഷ്ടിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ 885 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും അധികമായി ജീവനക്കാരെ നിയമിച്ചും ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി വരുന്നത്. രാവിലെ 9 മണി മുതൽ 6 മണിവരെയുള്ള ഒപി സേവനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രത്യേകത. ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ ബോധവത്ക്കരണത്തിനായി ടെലിവിഷൻ, എയർപോർട്ട് ചെയർ, ദിശാ ബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗീ സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നു. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിക്കുന്നത്.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതോടെ വലിയ മാറ്റങ്ങളാണ് ഉണ്ടാകുന്നത്. 133 കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്. ഇന്ത്യയിൽ ഏറ്റവും മികച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ കേരളത്തിൽ നിന്നുള്ളതാണ് എന്ന പ്രത്യേകതയുമുണ്ട്. പൂർവ്വ വിദ്യാർത്ഥികളുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽ സാധ്യതയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി നൈപുണ്യ വികസനത്തിനും വ്യവസായ അക്കാദമിയ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള സംരംഭങ്ങൾ ഇതിനകം സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടും നൈപുണ്യ വികസന കോഴ്സുകൾക്കും കരിയർ ആസൂത്രണത്തിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

# സോഫ്റ്റ് വെയർ അപ്ഡേഷനു ശേഷം ഡിസ്പ്ലേ തകരാർ, ഫോണിന്റെ വിലയും നഷ്ടപരിഹാരവും നൽകാൻ വിധി

**കൊച്ചി:** സോഫ്റ്റ് വെയർ അപ്ഡേഷന് ശേഷം മൊബൈൽ ഫോൺ ഡിസ്പ്ലേയിൽ ലൈൻ പ്രത്യക്ഷപ്പെടുകയും ഡിസ്പ്ലേ അവ്യക്തമാവുകയും ചെയ്ത ഉപഭോക്താവിന് ഫോണിന്റെ വിലയും നഷ്ടപരിഹാരവും നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ വിധിച്ചു. എറണാകുളം സ്വദേശിയും ഹൈക്കോടതി അഭിഭാഷകനുമായ എം.ആർ ഹരിരാജ് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

2021 ഡിസംബറിലാണു പരാതിക്കാരൻ 43,999/ രൂപ വിലയുള്ള വൺപ്ലസ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ മൊബൈൽ ഫോൺ വാങ്ങിയത്. 2023 ജൂലൈയിൽ ഓട്ടോമാറ്റിക് സോഫ്റ്റ്വെയർ അപ്ഡേഷൻ നടന്നപ്പോൾ സ്ക്രീനിൽ പിങ്ക് ലൈൻ പ്രത്യക്ഷപ്പെട്ടു.

തുടർന്ന് ഉപയോക്താവ് അംഗീകൃത സർവീസ് സെന്ററിനെ സമീപിച്ചപ്പോൾ സ്ക്രീൻ സൗജന്യമായ മാറിത്തരാമെന്നും ഇപ്പോൾ ലഭ്യമല്ലെന്നും ഓർഡർ നൽകിയിട്ടുണ്ടെന്നും അറിയിച്ചു. പിന്നീട് നിരന്തരം സർവീസ് സെന്ററിനെ ബന്ധപ്പെട്ടപ്പോൾ 19,000/ രൂപയ്ക്ക് തിരിച്ചെടുക്കുകയോ ഡിസ്പ്ലേ ഓർഡർ ചെയ്തത് വരുന്നതുവരെ കാത്തിരിക്കുകയോ ചെയ്യണമെന്ന് അറിയിച്ചു.

ഒരു മാസത്തിനുശേഷം വീണ്ടും മറ്റൊരു ഗ്രീൻ ലൈൻ കൂടി സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഉപയോക്താവ് സോഫ്റ്റ്വെയർ അപ്ഡേഷൻ സ്വീകരിക്കാൻ കഴിയാത്ത തരത്തിൽ നിർമാണവേളയിലുണ്ടായ പ്രശ്നം ഫോണിന് ഉണ്ടായി എന്ന നിഗമനത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ സമീപിച്ചത്.

ഭാവി അപ്ഡേറ്റുകളെ പരിഗണിക്കാത്ത ഫോൺ നിർമ്മാണമാണ് ഇത്തരം പ്രശ്നങ്ങൾക്കു കാരണമായതെന്നും അപാകത സംഭവിച്ചിട്ടും അത് പരിഹരിക്കുന്നതിനു ഒരു നടപടിയും എതിർകക്ഷിയുടെ ഭാഗത്തുനിന്നും ഉണ്ടായില്ലെന്നതും സേവനത്തിലെ ന്യൂനതയാണെന്ന് ഡി.ബി ബിനു അധ്യക്ഷനും വി.രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളമായ ബെഞ്ച് നിരീക്ഷിച്ചു.

പരാതിക്കാരന് ഉണ്ടായ സാമ്പത്തിക മാനസിക ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി ഫോണിന്റെ വിലയായ 43,999/ രൂപ തിരികെ നൽകുന്നതിനും കോടതി ചെലവ്, നഷ്ടപരിഹാരം ഇനങ്ങളിൽ 35,000/ രൂപയും 45 ദിവസത്തിനകം നൽകാൻ എതിർകക്ഷികളായ വൺപ്ലസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് ഉത്തരവ് നൽകി. പരാതിക്കാരന് വേണ്ടി അഡ്വ. ജിഷ ജി രാജ് ഹാജരായി

# കേരള വനിതാ കമ്മീഷൻ: ജാഗ്രതാ സമിതി അവാർഡിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** ജാഗ്രതാ സമിതികളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2023 2024 സാമ്പത്തികവർഷം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ചവച്ച നാല് തലങ്ങളിലുള്ള ജാഗ്രതാ സമിതികൾക്ക് (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്) കേരള വനിതാ കമ്മീഷൻ അവാർഡ് നൽകുന്നു. അവാർഡ് നിർണയ മാനദണ്ഡങ്ങളടങ്ങിയ പ്രൊഫോർമയും നിർദേശങ്ങളും കേരള വനിതാ കമ്മീഷന്റെ വെബ്സൈറ്റിൽ (keralawomenscommission.gov.in) ലഭ്യമാണ്.

ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും അതത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയ പൂരിപ്പിച്ച പ്രൊഫോർമകൾ അതത് ജില്ലാ പഞ്ചായത്തുകൾക്ക് 2025 ജനുവരി 31നകം സമർപ്പിക്കണം.

ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഒരു ഗ്രാമപഞ്ചായത്തിന്റെയും ഒരു മുനിസിപ്പാലിറ്റിയുടെയും പൂരിപ്പിച്ച പ്രൊഫോർമ അതത് ജില്ലാ പഞ്ചായത്തു സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി ആമുഖ കത്ത് സഹിതം ഫെബ്രുവരി അഞ്ചിനകം കേരള വനിതാ കമ്മീഷൻ, പട്ടം പാലസ് പി ഒ, തിരുവനന്തപുരം 695 004 എന്ന മേൽവിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ ലഭ്യമാക്കണം.

14 ജില്ലാ പഞ്ചായത്തുകളും ആറ് കോർപ്പറേഷനുകളും പൂരിപ്പിച്ച പ്രൊഫോർമകൾ സെക്രട്ടറിയുടെ സാക്ഷ്യപത്രം സഹിതം ഫെബ്രുവരി ഏഴിനകം നേരിട്ടോ, തപാൽ മുഖേനയോ കേരള വനിതാ കമ്മീഷനിൽ സമർപ്പിക്കണം. പ്രശസ്തിപത്രവും 50,000 രൂപ സമ്മാനത്തുകയും അടങ്ങുന്നതാണ് അവാർഡ്. വിശദവിവരങ്ങൾക്ക് 9495726856, 8921885818 എന്നീ നമ്പറുകളിൽ വിളിക്കുക.



# ദേശീയ സരസ് മേളയ്ക്ക് അരങ്ങ് ഉണരുന്നു

**ചെങ്ങന്നൂർ:** ഈ മാസം 20 മുതൽ 31 വരെ ചെങ്ങന്നൂർ ജില്ലാ സ്റ്റേഡിയത്തിൽ നടക്കുന്ന ദേശീയ സരസ് മേളയ്ക്കായി ഒരുങ്ങുന്നതു സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ പ്രദർശന നഗരികളിലൊന്ന്. ചെങ്ങന്നൂർ ജില്ലാ സ്റ്റേഡിയത്തിലാണ് പ്രദർശന വിപണന മേളയ്ക്കായി കൂറ്റൻ പന്തലുകൾ ഉയരുന്നത്. സ്റ്റേഡിയത്തിൽ ഗ്രൗണ്ട് നിർമാണത്തിനായി തിരിച്ച രണ്ടര ഏക്കർ സ്ഥലത്ത് ഒന്നര ലക്ഷം ചതുരശ്ര അടിയിലാണ് പ്രധാന വേദികളും വ്യാപാര വിപണന മേളകളുടെ സ്റ്റാളുകളും നിർമിച്ചത്. സ്പോർട്സ് കോംപ്ലക്സിനായി നിർമാണം ആരംഭിച്ച ഇൻഡോർ സ്റ്റേഡിയം ബുക്ക് ഫെയർ, സെമിനാർ, ഓപ്പൺ ഫോറം എന്നിവയ്ക്ക് വേദിയാകും.കുടുംബശ്രീ ഉൾപ്പെടെ 23 സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ആളുകൾക്കായി 250 സ്റ്റാളുകൾ നൽകും. സംഘാടക സമിതിയുടെ നേതൃത്വത്തിൽ 100 സ്റ്റാളുകൾ ഒരുങ്ങും.

പ്രധാന വേദി ഉൾപ്പെടെ ശീതീകരിക്കും. 35 ഫുഡ് കോർട്ടുകൾക്കായി പ്രത്യേക സ്റ്റാളുകളാണ് നിർമിക്കുന്നത്. ചിൽഡ്രൻസ് പാർക്ക്, റോബോട്ടിക്ക് പാർക്ക്. ഫ്ലവർ, പെറ്റ് ഷോ, അമ്യൂസ്മെന്റ് പാർക്ക് എന്നിവയും ഉണ്ടാകും. 22 സംസ്ഥാനങ്ങളിൽ നിന്നു പങ്കെടുക്കുന്നവരുടെ റജിസ്ട്രേഷൻ നടപടികൾ ഓൺലൈനിൽ പൂർത്തീകരിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 85 പേരുടെ സ്റ്റാളുകൾ ഉണ്ടാകും. കൂടാതെ സംഘാടക സമിതിയുടെ നേതൃത്വത്തിൽ 100 സ്റ്റാളുകളും ഒരുങ്ങും. സ്റ്റേഡിയത്തിൽ സ്റ്റാളുകളുടെ നിർമാണം പൂർത്തിയായി.ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവർക്കായി സംഘാടക സമിതി ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ സ്വീകരണ കൗണ്ടറുകൾ ഒരുക്കും. ഇവർക്കായി താമസ സൗകര്യങ്ങളും ക്രമീകരിച്ചു. 18 ന് ആലപ്പുഴ ജില്ലയുടെ റജിസ്ട്രേഷൻ നടക്കും. മറ്റു ജില്ലകൾക്ക് രണ്ട്, അന്യ സംസ്ഥാനങ്ങൾക്ക് രണ്ട് റൂറൽ ഡവലപമെന്റ് സൊസൈറ്റികൾക്ക് ഒന്ന് വീതം ആറ് കൗണ്ടറുകളുമാണ് സ്റ്റേഡിയത്തിൽ ഉണ്ടാകുക.

സരസ് മേളയിൽ പ്രവേശനം സൗജന്യമാണ്. ടെംപിൾ റോഡിൽ നിന്നും സ്റ്റേഡിയത്തിലേക്ക് കടന്നു വരുന്നതിനുള്ള പ്രധാന വഴിയുടെ പുനർനിർമാണം പൂർത്തിയായി. സ്റ്റേഡിയത്തിൽ നിന്നു പുറത്തേക്കു പോകുന്നതിനായി പി.ടി. ഉഷ റോഡിലേക്കും ടെമ്പിൾ റോഡിലേക്കുമുള്ള റോഡുകളുടെ നിർമാണം അവസാന ഘട്ടത്തിലാണ്. വൈദ്യസഹായത്തിനായി മെഡിക്കൽ സംഘത്തിനും ആംബുലൻസുകൾക്കും പ്രത്യേക സൗകര്യം ഒരുക്കും. സ്റ്റേഡിയത്തിൽ 20 ശുചിമുറികൾ നിർമിച്ചു. പ്രദർശനത്തിനെത്തുന്ന മുഴുവൻ വാഹനങ്ങൾക്കും പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം ഉണ്ടാകുമെന്നു സംഘാടക സമിതി ചെയർമാൻ മന്ത്രി സജി ചെറിയാൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ എസ്.രഞ്ജിത്ത്, ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റി ചെയർമാൻ എം.എച്ച്. റഷീദ്, ജനറൽ കൺവീനർ വി. റെജിമോൻ, കൺവീനർ ജെയിംസ് സാമുവൽ എന്നിവർ അറിയിച്ചു.

# വർണ്ണ വിസ്മയത്തിൽ മലമ്പുഴ ഉദ്യാനം; മലമ്പുഴ പുഷ്പോത്സവം ഇന്ന് മുതൽ

**പാലക്കാട്:** പൂക്കളുടെ അഴകും വർണ്ണ വൈവിധ്യങ്ങളും കൊണ്ട് സമ്പന്നമായ മലമ്പുഴ പുഷ്പോത്സവം ഇന്ന് (ജനുവരി 16) ആരംഭിക്കും.മലമ്പുഴ ഉദ്യാനത്തിൽ ജലസേചന വകുപ്പും ഡി.ടി.പി.സിയും സംയുക്തമായാണ് പൂക്കളുടെ വിസ്മയ ലോകം സഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്നത്. ഉദ്ഘാടനം ഇന്ന് (ജനുവരി 16) രാവിലെ 11 മണിക്ക് എ. പ്രഭാകരൻ എം.എൽ.എ നിർവഹിക്കും.

ആഫ്രിക്കൻ ഫ്രഞ്ച്മേരി, ഗോൾഡ് എന്നീ ഇനങ്ങളിലുള്ള വിവിധ ഇനം ചെണ്ടുമല്ലികൾ ഷോ യുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്. ഓർക്കിഡ്, സൂര്യകാന്തി, കോസ്മോസ്, പെറ്റിയൂണിയ, മേരിഗോൾഡ് തുടങ്ങി നിരവധി ഇനങ്ങളിലും നിറങ്ങളിലുമുള്ള പൂഷ്പങ്ങൾ മേളയിൽ ഒരുക്കിയിട്ടുണ്ട്.

പാഴ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച മൃഗങ്ങളുടേയും, പക്ഷികളുടേയും മാതൃകകൾ കൗതുകം ഉണർത്തുന്നതാണ്. കഴിഞ്ഞ വർഷത്തേക്കാൾ നിരവധി സന്ദർശകർ ഇത്തവണ പുഷ്പോത്സവം സന്ദർശിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാവിലെ ഒമ്പത് മുതൽ രാത്രി എട്ടു വരെ ആയിരിക്കും പ്രവേശനം.മുതിർന്നവർക്ക് 50 രൂപയും കുട്ടികൾക്ക് 20 രൂപയുമാണ് പ്രവേശന ഫീസ്. മേളയോടനുബന്ധിച്ച് കലാ സാംസ്കാരിക പരിപാടികളും നടക്കും.ജനുവരി 22 ന് പുഷ്പോത്സവം സമാപിക്കും.

പുഷ്പോത്സവത്തിൽ വിദേശികളും, സ്വദേശികളുമായ വൈവിധ്യമാർന്ന പൂക്കൾ കാണുക മാത്രമല്ല അവ വാങ്ങാനും സാധിക്കും. 12 നഴ്സറികളിലായി മിതമായ നിരക്കിൽ ചെടികൾ ലഭിക്കും.രുചിയുടെ പുത്തൻകൂട്ടുകളൊരുക്കി ഭക്ഷ്യമേളയും പുഷ്പോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. പാലക്കാടിന്റെ തനത് വിഭവങ്ങളും ഗോത്രവിഭവങ്ങളും ഉൾപ്പെടുത്തി 19 വ്യത്യസ്ത ഫുഡ് സ്റ്റാളുകളാണ് മേളയിൽ ഒരുക്കിയിട്ടുള്ളത്.മലമ്പുഴ പുഷ്പോത്സവവുമായി ബന്ധപ്പെട്ട് ഉദ്യാനത്തിലേക്ക് വരുന്ന വിനോദസഞ്ചാരികൾക്കായി ഇന്ന്മുതൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയതായി പൊലീസ് അറിയിച്ചു. ഉദ്യാനത്തിലേക്ക് വരുന്ന വിനോദ സഞ്ചാരികൾ മലമ്പുഴ ഗവ. ഐ.ടി.ഐ ഗ്രൗണ്ടിലും, മലമ്പുഴ ഇറിഗേഷൻ ഗ്രൗണ്ടിലും, മലമ്പുഴ സ്കൂളിന് എതിർവശത്തുള്ള ഗ്രൗണ്ടിലുമായി വാഹനങ്ങൾ പാർക്ക് ചെയ്യണം. ശേഷം വിനോദസഞ്ചാരികൾക്കായി ഒരുക്കിയ കെ.എസ്.ആർ.ടി.സി ബസ്സിൽ ഉദ്യാനത്തിലേക്ക് പോവണം. കഞ്ചിക്കോട് ഭാഗത്തു നിന്നും മലമ്പുഴയിലേക്ക് വരുന്ന വിനോദസഞ്ചാരികൾ റോക്ക് ഗാർഡന് സമീപമുള്ള നിർമല മാതാ സ്കൂൾ ഗ്രൗണ്ടിലും മലമ്പുഴ പുതിയ ബസ്സ് സ്റ്റാന്റിലും വലിയ വാഹനങ്ങൾ റോഡിന്റെ ഇടതുവശം ചേർത്തും പാർക്ക് ചെയ്ത ശേഷം വിനോദസഞ്ചാരികൾക്കായി ഒരുക്കിയ കെ.എസ്.ആർ.ടി.സി ബസ്സിൽ ഉദ്യാനത്തിലേക്ക് പോവണമെന്ന് പൊലീസ് അറിയിച്ചു.

## വിളവെടുപ്പ് സീസൺ ആരോഗ്യകരമാക്കണം

**കൊച്ചി:** ഇന്ത്യയിലുടനീളം വലിയ ആഘോഷിക്കപ്പെടുന്ന വിളവെടുപ്പ് സീസൺ ആരോഗ്യകരമായി ആഘോഷിക്കണമെന്ന ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ക്യാമ്പയിൻ. 2025 വർഷത്തെ വിളവെടുപ്പ് ഉത്സവത്തിൽ ലോകത്തിലെ ഏറ്റവും ജനപ്രിയമായ കാലിഫോർണിയ ബദാം ഉൾപ്പെടുത്തി ഉത്സവ വിരുന്നുകളോട് ആരോഗ്യകരമായ സമീപനം സ്വീകരിക്കണമെന്ന് ക്യാമ്പയിൻ ആഹ്വാനം ചെയ്യുന്നു.

നിരവധി ആരോഗ്യ ഗുണങ്ങളും ബദാം വാഗ്ദാനം ചെയ്യുന്നു. ഇന്ത്യയിൽ പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ, പൊണ്ണത്തടി തുടങ്ങിയ ജീവിതശൈലി രോഗങ്ങളുടെ വ്യാപനം കണക്കിലെടുത്ത് ആഘോഷസമയങ്ങളിൽ ഭക്ഷണ തിരഞ്ഞെടുപ്പുകളിലും ശ്രദ്ധിക്കേണ്ടത് പ്രധാനമാണെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു. കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ ആഘാതം കുറയ്ക്കാനും, ആരോഗ്യകരമായ ഫാസ്റ്റിങ് ഇൻസുലിൻ അളവ് പ്രോത്സാഹിപ്പിക്കാനും ബദാം കഴിക്കുന്നത് സഹായിക്കുമെന്നും അവർ പറഞ്ഞു.

## സമാന്തരം കലാപ്രദർശനത്തിന് തുടക്കമായി

**കൊച്ചി:** വൈവിധ്യമാർന്ന ശൈലിയിൽ ചിത്രരചന നടത്തുന്ന 32 ഓളം കലാകാരന്മാരുടെ സൃഷ്ടികളുമായി സമാന്തരം കലാപ്രദർശനത്തിന് തുടക്കമായി. വൈറ്റില മെർമെയ്ഡ് ഹോട്ടലിലെ ആർ കെ ആർട്ട് ഗ്യാലറിയിൽ ആരംഭിച്ച എക്സിബിഷൻ പ്രമുഖ എഴുത്തുകാരൻ എൻ.ഇ സുധീർ ഉദ്ഘാടനം ചെയ്തു.ചിത്രകാരനും ലളിതകല അക്കാദമി മുൻ ചെയർമാനുമായ സത്യപാലാണ് പ്രദർശനം ക്യുറേറ്റ് ചെയ്യുന്നത്.

കേരളത്തിലെ കലാകാരന്മാരുടെ ആത്മാവിഷ്കാരത്തിനും സാമൂഹ്യ പ്രതിബദ്ധതക്കും സമാന്തരമായ ഒരു ഇടം നൽകുകയാണ് 'സമാന്തരം ' പ്രദർശനമെന്ന് ക്യുറേറ്റർ സത്യപാൽ പറഞ്ഞു. ജോസ് ഡൊമനിക് അധ്യക്ഷത വഹിച്ച ചടങ്ങിൽ അജയ കുമാർ, ചിത്രകാരന്മാരായ സി.എസ് ജയറാം, സി.എസ് സുധാകരൻ എന്നിവർ പങ്കെടുത്തു. ഗോത്ര ശിൽപി സക്കാറാം ബേജ് 1934ൽ നിർമ്മിച്ച വെങ്കല ശിൽപങ്ങളാണ് കലാ പ്രദർശനത്തിന്റെ മുഖ്യ ആകർഷണം. പ്രദർശനോദ്ഘാടനത്തോട് അനുബന്ധിച്ച് കോശി നേതൃത്വം നൽകിയ സംഗീത പരിപാടിയും അരങ്ങേറി. എക്സിബിഷൻ ഈ മാസം 30 ന് സമാപിക്കും.

## കേരള രാജ്യാന്തര ഊർജമേള ഓൺലൈൻ മെഗാ ക്വിസ്: ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ

എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 7, 8, 9 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവലിനോടനുബന്ധിച്ച് മെഗാക്വിസ് മത്സരം സംഘടിപ്പിക്കും. എല്ലാ പ്രായത്തിലും ഉള്ളവർക്ക് മത്സരിക്കാൻ സാധിക്കുന്ന മെഗാക്വിസിൽ ക്യു ആർ കോഡ് സ്കാൻ ചെയ്തോ ോോോ.ൂൗശ.ശലളസ.ശി എന്ന പോർട്ടലിലൂടെയോ മത്സരാർത്ഥികൾക്ക് രജിസ്ട്രേഷൻ പൂർത്തീകരിക്കാവുന്നതാണ്. ആദ്യഘട്ട മത്സരം ഓൺലൈനായി ഫെബ്രുവരി 2 ന് വൈകിട്ട് 3 മണിക്ക് നടക്കും.

ആദ്യഘട്ട മത്സര വിജയികൾ ഫെബ്രുവരി 9 ന് ഐഇഎഫ്കെ വേദിയിൽ വെച്ച് നടക്കുന്ന ഗ്രാന്റ് ഫിനാലെയിലേക്ക് യോഗ്യത നേടും. പ്രശസ്തിപത്രം, ഫലകം എന്നിവയോടൊപ്പം ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സമ്മാനമായി 50,000 രൂപയും മൂന്നാം സമ്മാനമായി 25,000 രൂപയും വിജയികൾക്ക് ലഭിക്കും. കൂടാതെ നിരവധി പ്രോത്സാഹന സമ്മാനങ്ങളും മറ്റ് വിജയികൾക്ക് ലഭിക്കും. രജിസ്ട്രേഷനുള്ള അവസാന തീയതി ജനുവരി 26. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712594922.

## സാന്ത്വൻ സ്പെഷൽ സ്കൂളിൽ ഹൈബ്രിഡ് സൗരോർജ നിലയം

**ആലപ്പുഴ:** ആലപ്പുഴ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സാന്ത്വൻ സ്പെഷൽ സ്കൂളിൽ 10 യൂണിറ്റ് സ്റ്റോറേജ് ശേഷിയുള്ള ഹൈബ്രിഡ് സൗരോർജ നിലയത്തിൻറെ ഉദ്ഘാടനം രൂപതാ മെത്രാൻ ഡോ. ജയിംസ് ആനാപറമ്പിൽ നിർവഹിച്ചു.


സ്കൂൾ മാനേജർ ഫാ.പോൾ ജെ. അറയ്ക്കൽ അധ്യക്ഷത വഹിച്ചു. ഫെഡറൽ ബാങ്ക് റീജണൽ ഹെഡ് വിപിൻ വി. ഉണ്ണിത്താൻ, ബ്രാഞ്ച് മാനേജർ റാണി ഹരികൃഷ്ണൻ, വിൽഫ്രെഡ് റൊസാരിയോ, ഹരികൃഷ്ണൻ, ജൂഡ് ജയിംസ്, കെഎസ്ഇബി സൗത്ത് സെക്ഷൻ സബ് എൻജിനീയർ അജീഷ തുടങ്ങിയവർ പ്രസംഗിച്ചു.

ആലപ്പുഴ രൂപതയും ഫെഡറൽ ബാങ്ക് ഹോർമീസ് മെമ്മോറിയൽ ഫൗണ്ടേഷൻ സിഎസ്ആർ പദ്ധതിയും സംയുക്തമായി നടപ്പിലാക്കിയതാണ് പദ്ധതി. 24 മണിക്കൂറും കുട്ടികൾക്ക് വൈദ്യുതി തടസമില്ലാതെ ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹൈബ്രിഡ് സോളാർ സംവിധാനം തെരഞ്ഞെടുത്തതെന്ന് സ്കൂൾ മാനേജർ ഫാ. പോൾ ജെ. അറയ്ക്കൽ പറഞ്ഞു.

സോളാർ പവർ പ്ലാൻറിൻറെ സ്വിച്ച് ഓൺ കർമം ഫെഡറൽ ബാങ്ക് റീജണൽ ഹെഡ് വിവിൻ വി. ഉണ്ണിത്താൻ നിർവഹിച്ചു. തുടർന്ന് വിദ്യാർഥികളുടെ കലാപരിപാടികൾ നടന്നു. സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിൻഡ ജോസഫ് നന്ദി പറഞ്ഞു.

# 1098

സന്തോഷ് കീഴാറ്റൂർ, അഡ്വക്കേറ്റ് ഷുക്കൂർ, ഡോ. മോനിഷ വാര്യർ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ഗുരു ഗോവിന്ദ് കഥ, തിരക്കഥ, സംഭാഷണം, സംവിധാനം എന്നിവ നിർവഹിക്കുന്ന '1098' (ഛലി ചശില ലൂശഴവ)ന്റെ ട്രെയിലർ വിനയ് ഫോർട്ട് പുറത്തുവിട്ടു. മെറ്റാമോർഫോസിസ് മൂവി ഹൗസിന്റെ ബാനറിൽ സി ജയചിത്ര നിർമ്മിക്കുന്ന ചിത്രം ജനുവരി 17ന് തിയറ്ററുകളിലെത്തും. രാജേഷ് പൂന്തുരുത്തി, രജത് രാജൻ, അനുറാം എന്നിവർ സുപ്രധാന വേഷങ്ങളിലെത്തുന്ന ചിത്രം ദളിത് പാരമ്പര്യമുള്ള ഒരു ബംഗാളി മലയാളി വിദ്യാർത്ഥിയെ ഗ്രാമീണ സർക്കാർ സ്കൂളിൽ നിന്ന് വ്യക്തമായ കാരണമില്ലാതെ പുറത്താക്കുന്നതും തുടർന്ന് നടക്കുന്ന സംഭവവികാസങ്ങളുമാണ് പ്രേക്ഷകരോട് സംവദിക്കുന്നത്. ഛായാഗ്രഹണം: പ്രിയൻ, ചിത്രസംയോജനം: രഞ്ജിത്ത് പുത്തലത്ത്, സംഗീതം: ഹരിമുരളി ഉണ്ണികൃഷ്ണൻ, സൗണ്ട്: എം ഷൈജു, കലാ സംവിധാനം: ഷെബി ഫിലിപ്, വസ്ത്രാലങ്കാരം: അനു ശ്രീകുമാർ, മേക്കപ്പ്: സുനിത ബാലകൃഷ്ണൻ, ആർട്ട് അസോസിയേറ്റ്: ശ്രീജിത്ത് പറവൂർ, കളറിസ്റ്റ്: ജിതിൻ കുംബുകാട്ട്, പ്രൊഡക്ഷൻ കൺട്രോളർ: ശ്രീകാന്ത് രാഘവ്, അസോസിയേറ്റ് ഡയറക്ടേർസ്:അപർണ കരിപ്പൂൽ, വിനീഷ് കീഴര, സ്റ്റിൽസ്: മനു കാഞ്ഞിരങ്ങാട്.




# ലവ്ഡേൽ ഫെബ്രുവരി 7ന്

രേഷ രഞ്ജിത്ത്, രമ ശുക്ല, ജസ്പ്രീത് സിംഗ്, മീനാക്ഷി അനീഷ്, ബാജിയോ ജോർജ്ജ്,ജോഹാൻ എം ഷാജി, വിഷ്ണു സജീവ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി വിനു ശ്രീധർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ലവ്ഡേൽ ഫെബ്രുവരി ഏഴിന് പ്രദർശനത്തിനെത്തുന്നു.ആംസ്റ്റർ ഡാം മൂവി ഇന്റർ നാഷണലിന്റെ ബാനറിൽ  രേഷ്മ സി എച്ച് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അമൽ തോമസ് ടി ജെ നിർവ്വഹിക്കുന്നു.

സംഗീതംഫ്രാൻസിസ് സാബു,എഡിറ്റിംഗ്രതീഷ് മോഹനൻ,പ്രൊഡക്ഷൻ കൺട്രോളർഹോച്മിൻ,മേക്കപ്പ്രജീഷ് ആർ പൊതാവൂർ,ആർട്ട് ശ്രീകുമാർ ആലപ്പുഴ,ചീഫ് അസോസിയേറ്റ് ഡയറക്ടർനവാസ് അലി,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അയൂബ് ചെറിയ, റെനീസ് റെഷീദ്,സൗണ്ട് മിക്സിംഗ് ആന്റ് ഡിസൈനിംഗ് ആശിഷ് ജോൺ ഇല്ലിക്കൽ,വി എഫ് എക്സ്കോക്കനട്ട് ബഞ്ച്,സ്റ്റുഡിയോ സൗത്ത് സ്റ്റുഡിയോപബ്ലിസിറ്റി ഡിസൈൻ ആർട്ടോകാർപസ്,സംവിധാന സഹായികൾ ഹരീഷ്കുമാർ വി, ആൽബിൻ ജോയ്,അസിസ്റ്റന്റ് മേക്കപ്പ് മാൻഅഭിജിത്ത് ലാഫേർ,ലൊക്കേഷൻ കൊച്ചി,കുട്ടിക്കാനം, അതിരപ്പിള്ളി,പി ആർ ഒ എ എസ് ദിനേശ്.







# പ്രാവിൻ കൂട് ഷാപ്പ്


സൗബിൻ ഷാഹിർ, ബേസിൽ ജോസഫ്, ചെമ്പൻ വിനോദ് എന്നിവർ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ശ്രീരാജ് ശ്രീനിവാസൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'പ്രാവിൻ കൂട് ഷാപ്പ്' എന്ന ചിത്രത്തിലെ ആദ്യത്തെ ലിറിക്കൽ വീഡിയോ ഗാനം റിലീസായി.വിനായക് ശശികുമാർ എഴുതിയ വരികൾക്ക്  വിഷ്ണു വിജയ് സംഗീതം പകർന്ന് അപർണ്ണ ഹരികുമാർ,പത്മജ ശശികുമാർ,ഇന്ദു സനാഥ്, വിഷ്ണു വിജയ് എന്നിവർ ആലപിച്ച ചെത്ത് ഗാനമാണ് റിലീസായത്.ജനുവരി പതിനാറിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ ചാന്ദ്നീ ശ്രീധരൻ,ശിവജിത് പത്മനാഭൻ,ശബരീഷ് വർമ്മ,നിയാസ് ബക്കർ, രേവതി,വിജോ അമരാവതി, രാംകുമാർ,സന്ദീപ്, പ്രതാപൻ കെ.എസ്.തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.അൻവർ റഷീദ് എന്റർടൈൻമെന്റിന്റെ ബാനറിൽ അൻവർ റഷീദ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഷൈജു ഖാലിദ് നിർവഹിക്കുന്നു.ഡാർക്ക് ഹ്യൂമർ ശൈലിയിൽ ഒരുക്കുന്ന ഈ ചിത്രത്തിനു വേണ്ടിതല്ലുമാല, ഫാലിമി, പ്രേമലു എന്നീ ചിത്രങ്ങളിലൂടെ ഏറേ ശ്രദ്ധേയനായ വിഷ്ണു വിജയ് സംഗീതം ഒരുക്കുന്നു.

ഗാനരചനമുഹ്സിൻ പരാരി,എഡിറ്റർഷഫീഖ് മുഹമ്മദ് അലി,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഎ.ആർ അൻസാർ,പ്രൊഡക്ഷൻ കൺട്രോളർബിജു തോമസ്,പ്രൊഡക്ഷൻ ഡിസൈനർ,ഗോകുൽ ദാസ്,കോസ്റ്റ്യൂംസ് സമീറ സനീഷ്മേക്കപ്പ്റോണക്സ് സേവ്യർ,ചീഫ് അസോസിയേറ്റ് ഡയറക്ടർഅബ്രു സൈമൺ,സൗണ്ട് ഡിസൈനർ വിഷ്ണു ഗോവിന്ദ്ആക്ഷൻകലൈ കിംഗ്വൺ,കളറിസ്റ്റ്ശ്രീക് വാര്യർ,വിഎഫ്എകസ്എഗ്ഗ് വൈറ്റ്, ഡിജിറ്റൽ പ്രൊമോഷൻസ്നേക്ക്പ്ലാന്റ്,സ്റ്റിൽസ്രോഹിത് കെ സുരേഷ്, പബ്ലിസിറ്റി ഡിസൈൻസ്യെല്ലോ ടൂത്ത്സ്,വിതരണംഎ ആന്റ് എ എന്റർടൈൻമെന്റ്സ്,പി ആർ ഒഎ എസ് ദിനേശ്.

# ഏഴാം ഇരവിൽ

സുപ്രീംസ്റ്റാർ ശരത് കുമാറിനെ നായകനാക്കി അഖിൽ എം ബോസ് സംവിധാനം ചെയ്യുന്ന ഏഴാം ഇരവിൽ എന്ന തമിഴ് ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തുവിട്ടു. കെ പ്രസീത ജി, കെ പ്രേംചന്ദ്, കെ അർണവ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ അജയ് ഉണ്ണി കൃഷ്ണൻ എഴുതുന്നു.

നിഗൂഢത ഒളിപ്പിച്ചെത്തിയ പോസ്റ്ററിലൂടെ പ്രേക്ഷകരിൽ ഏറേ ആകാംക്ഷ ജനിപ്പിക്കുന്ന ഈ ചിത്രം ആർജിഎം വെൻഞ്ചോർസ് എൽഎൽപി അവതരിപ്പിക്കുന്നു.പ്രൊജക്ട് ഡിസൈനർ രാംദാസ് കൃഷ്ണ, പ്രൊജക്ട് സൂപ്പർവൈസർഡോക്ടർ ആർ നന്ദഗോപൻ,പി ആർ ഒഎ എസ് ദിനേശ്,വിവേക് വിനയരാജ്.



# മഹീന്ദ്ര നാടക അവാർഡിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** തിയേറ്റർ മികവിനുള്ള 20മത് മഹീന്ദ്ര തിയേറ്റർ എക്സലൻസ് അവാർഡിന് ( മെറ്റ) അപേക്ഷ ക്ഷണിച്ചു. 2019 ജനുവരി 31 നും 2025 ജനുവരി 15 നും ഇടയിൽ ഇന്ത്യയിൽ നിർമ്മിക്കുകയും അവതരിപ്പിക്കുകയും ചെയ്ത നാടകങ്ങൾ അവാർഡിനായി സമർപ്പിക്കാവുന്നതാണ്.മികച്ച നാടകം, മികച്ച സംവിധായകൻ, മികച്ച നടൻ (പുരുഷൻ/സ്ത്രീ), മികച്ച സഹനടൻ ( പുരുഷൻ /സ്ത്രീ), മികച്ച ഒരിജിനൽ സ്ക്രിപ്റ്റ്, മികച്ച എൻസെംബിൾ, മികച്ച സ്റ്റേജ് ഡിസൈൻ, മികച്ച ലൈറ്റിംഗ് ഡിസൈൻ, മികച്ച നവീന സൗണ്ട്/മ്യൂസിക് ഡിസൈൻ, മികച്ച വസ്ത്രാലങ്കാരം, മികച്ച കൊറിയോഗ്രഫി എന്നീ വിഭാഗങ്ങളിലാണ് അവാർഡ്. കൂടാതെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും സമ്മാനിക്കും.

2025 ജനുവരി 30ാണ് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും എൻട്രി ഓൺലൈനായി സമർപ്പിക്കുന്നതിനും മെറ്റ വെബ്സൈറ്റ് സന്ദർശിക്കുക. 20 വർഷമായി നടക്കുന്ന അവാർഡിന് ഓരോ വർഷവും 400ലധികം എൻട്രികൾ ലഭിക്കാറുണ്ട്. ഇതിൽ നിന്നും തിരഞ്ഞെടുക്കുന്ന മികച്ച പത്ത് നാടകങ്ങൾ ഡൽഹിയിൽ തത്സമയം അവതരിപ്പിക്കും. വിശിഷ്ട വ്യക്തികൾ അടങ്ങിയ ജൂറി അംഗങ്ങളുടെ പാനൽ അവാർഡ് നൈറ്റിൽ ജേതാക്കളെ തിരഞ്ഞെടുക്കും.

# വിശ്വ സമുദ്ര ഗ്രൂപ്പ് എംഡിയായി ശിവദത്ത് ദാസ്

**കൊച്ചി:** മിഡിൽ ഈസ്റ്റ്, യൂറോപ്പ്, തെക്കേ അമേരിക്ക എന്നിവിടങ്ങളിൽ സാന്നിധ്യമുള്ള ഹൈദരാബാദിലെ വിശ്വ സമുദ്ര ഗ്രൂപ്പ് എംഡിയായി ശിവദത്ത് ദാസിനേയും വൈസ് ചെയർപേഴ്സണായി ലക്ഷ്മി പ്രിയദർശിനിചിന്തയേയും നീയമിച്ചതായി പ്രമോട്ടർ ചെയർമാൻ ചിന്തശശിധർ അറിയിച്ചു.ഫിക്കി നാഷണൽ എക്സിക്യൂട്ടീവിന്റെ ഭാഗമായ ശിവദത്ത്, യുണൈറ്റഡ് സ്പിരിറ്റ്സ്, ഐസിഐസിഐ പ്രുഡൻഷ്യൽ, ഭാരതി ആക്സ ലൈഫ് ഇൻഷുറൻസ്, ടാറ്റ എഐഎ, റിലയൻസ് ക്യാപിറ്റൽ, ഡി വൈ പാട്ടീൽ ഹെൽത്ത്കെയർ തുടങ്ങിയ സ്ഥാപനങ്ങളുമായി മുൻകാലങ്ങളിൽ സ്വന്തം സ്റ്റാർട്ട്അപ്പ് ഇക്കോ സിസ്റ്റത്തിനപ്പുറം ആദ്യകാല നിക്ഷേപകനായി പ്രവർത്തിച്ചിട്ടുണ്ട്. ഐപിഒയ്ക്ക് മുമ്പുള്ള സിഗ്ഗി ക്യാപ് ടേബിളിലെ അദ്ദേഹം. സമർത്ഥയായ ഗണിതശാസ്ത്രാധ്യാപികയായ ലക്ഷ്മി പ്രിയദർശിനി ഗ്രൂപ്പിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ എകോപനവും നിർവഹിക്കും.

# ദൂസാൻ ലഗാറ്റോർ ബ്ലാസ്റ്റേഴ്സിൽ



**കൊച്ചി,:** മോണ്ടിനെഗ്രിൻ ഡിഫൻസീവ് മിഡ്ഫീൽഡർ ദൂസാൻ ലഗാറ്റോറിനെ ടീമിലെത്തിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി. ക്ലബുമായി 2026 മെയ് വരെയുള്ള കരാറാണ് താരം ഒപ്പുവച്ചിരിക്കുന്നത്. യൂറോപ്പിലെ വിവിധ ക്ലബുകളിലായി മുന്നോറോളം മത്സരങ്ങൾ കളിച്ച പരിചയസമ്പത്തുമായാണ് ഈ 30 വയസ്സുകാരൻ സ്‌കാഡിലേക്കെത്തുന്നത്. അണ്ടർ 19, അണ്ടർ 21, സീനിയർ ടീമുകളിലായി മോണ്ടിനെഗ്രോ ദേശീയ ടീമിന് വേണ്ടിയും താരം കളിച്ചിട്ടുണ്ട്.2011ൽ മോണ്ടെനെഗ്രൻ ക്ലബായ എഫ്.കെ മോഗ്രനിലൂടെയാണ് താരം പ്രഫഷനൽ കരിയർ ആരംഭിക്കുന്നത്. കരിയറിൽ 10 ഗോളുകളും നേടിയിട്ടുണ്ട്. ബ്ലാസ്റ്റേഴ്സ് ക്യാമ്പിനൊപ്പം താരം ഉടൻ ചേരും.പ്രതിരോധനിരയിലെ മികച്ച പ്രകടനം, ടാക്ടിക്കൽ അവയർനെസ്സ്, ഏരിയൽ എബിലിറ്റി എന്നിവ കണക്കിലെടുത്താണ് ബ്ലാസ്റ്റേഴ്സ് താരത്തെ സൈൻ ചെയ്തിരിക്കുന്നത്.

ഏറെ പരിചയസമ്പത്തോടെയാണ് ദൂസാൻ ക്ലബിലേക്കെത്തുന്നത്, മധ്യനിര നിയന്ത്രിക്കുന്നതിലെ അദ്ദേഹത്തിന്റെ മികവ് ടീമിന് ഏറെ പ്രയോജനം ചെയ്യുമെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി സ്പോർട്ടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. താരത്തിന്റെ മികച്ച പ്രകടനം കാണാൻ ആകാംഷയിലാണെന്നും എല്ലാവിധ വിജയാശംസകളും നേരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള ബ്ലാസ്റ്റേഴ്സിനെ പോലെ മികച്ചൊരു ക്ലബ്ബിനൊപ്പം ചേരാനായതിൽ അത്യധികം സന്തോഷമുണ്ടെന്ന് ദൂസാൻ ലഗാറ്റോർ പറഞ്ഞു.

ക്ലബ് മുന്നോട്ട് വയ്ക്കുന്ന പ്രോജക്റ്റുകളും ദീർഘവീക്ഷണവും പ്രതീക്ഷ നല്കുന്നതാണ്. കരിയറിലെ പുതിയ അധ്യായത്തിനായി കാത്തിരിക്കുകയാണെന്നും താരം കൂട്ടിച്ചേർത്തു.

# ഭക്ഷ്യ സുരക്ഷയിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി: മന്ത്രി വീണാ ജോർജ്

## ഈ കാലയളവിൽ നടന്നത് റെക്കോഡ് പരിശോധനകൾ

**തിരുവനന്തപുരം:** ഭക്ഷ്യ സുരക്ഷയിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രോഗത്തിന് ചികിത്സിക്കുക മാത്രമല്ല രോഗം വരാതെ നോക്കുന്നതും പ്രധാനമാണ്. ആരോഗ്യം ഉറപ്പ് വരുത്തുന്നതിൽ ഭക്ഷണത്തിന് പ്രധാന പങ്കുണ്ട്. അതിന്റെ ഭാഗമായാണ് ഭക്ഷ്യ സുരക്ഷാ വകുപ്പിനെ ശാക്തീകരിച്ചത്. ഭക്ഷണത്തിൽ മായം ചേർക്കുന്നത് ഗുരുതര കുറ്റമാണ്. അത് സമൂഹത്തോട് ചെയ്യുന്ന അപരാധമാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം ഗവ. അനലിസ്റ്റ്സ് ലബോറട്ടറിയിൽ സജ്ജമാക്കിയ മൈക്രോബയോളജി ലബോറട്ടറിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഭക്ഷ്യ സുരക്ഷാ വകുപ്പ് വളർച്ചയുടെ ഒരു പ്രധാന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ സംസ്ഥാനത്ത് മൈക്രോബയോളജി ലാബ് ഉണ്ടായിരുന്നില്ല. നിലവിലെ ലാബ് സംവിധാനത്തിലൂടെയാണ് ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിരുന്നത്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് വിപുലമായ മൈക്രോബയോളജി ലാബുകൾ സജ്ജമാക്കാൻ തീരുമാനിച്ചത്. അങ്ങനെയാണ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മൈക്രോബയോളജി ലാബുകൾ സജ്ജമാക്കിയത്. എഫ്എസ്എസ്എഐയുടെ നാലര കോടി രൂപയ്ക്ക് പുറമേ സംസ്ഥാന വിഹിതവും ഉപയോഗിച്ചാണ് ലാബുകൾ സജ്ജമാക്കിയത്.

ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ ഒന്നാം സ്ഥാനം നിലനിർത്താൻ കേരളത്തിനായി. ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ് ഇത് സാധ്യമായത്. ഒട്ടേറെ മാനദണ്ഡങ്ങളിൽ ഒന്നാം സ്ഥാനം നിലനിർത്തിക്കൊണ്ടാണ് കേരളം ഈ നേട്ടം കൈവരിച്ചത്.

ഭക്ഷ്യസുരക്ഷാ പരിശോധനകൾ മൂന്നോ നാലോ ഇരട്ടി വർധിപ്പിക്കാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം റെക്കോഡ് വരുമാനമാണ് ഉണ്ടായിട്ടുള്ളത്. നാലര കോടി രൂപയാണ് പിഴയായി ഈടാക്കിയത്. ആറിരട്ടിയോളം വർധന പിഴത്തുകയിൽ ഉണ്ടായിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കി. മുഖം നോക്കാതെ നടപടിയെടുക്കാൻ കർശന നിർദേശമാണ് നൽകിയിട്ടുള്ളത്. ഈ കാലയളവിൽ 14 ജില്ലകളിലും മൊബൈൽ പരിശോധനാ ലാബുകൾ സജ്ജമാക്കി. രാജ്യത്ത് ആദ്യമായി എഫ്എസ്എസ്എഐ എൻ.എ.ബി.എൽ. ഇന്റഗ്രേറ്റഡ് അസസ്സ്മെന്റ് പൂർത്തിയാക്കിയ സംസ്ഥാനം കേരളമാണ്. 2021ൽ 75 പരാമീറ്ററുകൾക്കാണ് അംഗീകാരം ലഭിച്ചതെങ്കിൽ ഘട്ടംഘട്ടമായി ഉയർത്തി ഇപ്പോൾ 1468 പരാമീറ്ററുകൾക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നേടിയെടുക്കാനായി.

ഓണത്തിനും ക്രിസ്തുമസിനും മാത്രമല്ല സംസ്ഥാനത്ത് തുടർച്ചയായി പരിശോധനകൾ നടന്നു വരുന്നുണ്ട്. എവിടെയെങ്കിലും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് പരാതികളുണ്ടെങ്കിൽ ഫോട്ടോയും വീഡിയോയും നേരിട്ട് അപ് ലോഡ് ചെയ്യാവുന്നതാണ്. ഇതിനായി ഭക്ഷ്യ സുരക്ഷാ ഗ്രിവൻസ് പോർട്ടലും ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പും സജ്ജമാക്കി. ഷവർമ മാർഗനിർദേശം പുറത്തിറക്കി. പച്ചമുട്ട കൊണ്ടുണ്ടാക്കുന്ന മയോണൈസ് നിരോധിച്ചു. ഹെൽത്ത് കാർഡ് നിർബന്ധമാക്കി. ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്, ഹൈജീൻ റേറ്റിംഗ് എന്നിവയും നടപ്പിലാക്കി വരുന്നു. സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജൻസ്) രൂപീകരിച്ചു. മികച്ച പ്രവർത്തനം നടത്തുന്ന ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ജീവനക്കാരെ മന്ത്രി അഭിനന്ദിച്ചു.

ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ അഫ്സാന പർവീൺ, ചീഫ് ഗവ. അനലിസ്റ്റ് റംല കെ.എ., എഫ്എസ്എസ്എഐ ഡെപ്യൂട്ടി ഡയറക്ടർ ധന്യ കെ.എൻ, ഡെപ്യൂട്ടി ഡയറക്ടർ മഞ്ജു ദേവി പി., എൻഫോഴ്സ്മെന്റ് ജോ. കമ്മീഷണർ ജേക്കബ് തോമസ് എന്നിവർ പങ്കെടുത്തു.

# വൈറ്റില ഹബ്ബ് നവീകരണം അടുത്തയാഴ്ച മുതൽ




**കൊച്ചി:** ഒരു വർഷത്തിലേറെയായി കുണ്ടും കുഴിയുമായി യാത്രക്കാരെ വലച്ച വൈറ്റില മൊബിലിറ്റി ഹബ്ബിലെ ദുരിതയാത്രയ്ക്ക് പരിഹാരമാകുന്നു. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സിഎസ്എംഎൽ) നേതൃത്വത്തിൽ ഹബ്ബിന്റെ നവീകരണ പ്രവർത്തനങ്ങൾ അടുത്തയാഴ്ച ആരംഭിക്കും. ബസ് ബേ ഉൾപ്പെടെ ടൈൽ വിരിച്ചിട്ടുള്ള ഭാഗവും ഹബ്ബിലേക്കുള്ള പ്രവേശനവഴികളുമാണ് നവീകരിക്കുന്നത്. ഹബ്ബിന്റെ തെക്കുവശത്തായി പഴയ ബോട്ട് ജെട്ടിയോടു ചേർന്ന് കുട്ടികൾക്കായി നേച്ചർ തീം പാർക്ക് നിർമാണവും ഇതോടൊപ്പം നടക്കും.

സർവീസ് റോഡിന് സമാനമായ നിലയിലാകും സ്റ്റാൻഡും നവീകരിക്കുക. ടൈൽ ഇളക്കി മാറ്റിയ ശേഷം മണ്ണിട്ട് കുഴികൾ നികത്തും. വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കാനാണിത്. അതിനു മുകളിൽ ഗ്രാവൽ വിതറിയശേഷം ടൈൽ പാകും. കൂടാതെ ലൈറ്റുകളും സ്ഥാപിക്കും. 5.17 കോടിയാണ് ചെലവ് കണക്കാക്കുന്നത്.

അതേസമയം ഹബ്ബിൽ യാത്രക്കാർ ബസ് കാത്തുനിൽക്കുന്ന ഭാഗത്ത് കാര്യമായ നവീകരണം ഉണ്ടാകില്ല. എങ്കിലും ലൈറ്റുകളും ഫാനുകളും ഇരിപ്പിടങ്ങളുമൊക്കെ കൂടുതലായി ഒരുക്കും. ഡിജിറ്റൽ സൂചനാ ബോർഡുകളും സ്ഥാപിക്കും.

മഴയത്ത് മേൽക്കൂര ചോർന്നൊലിക്കുന്നത് സംബന്ധിച്ച് നേരത്തെ പരാതി ഉയർന്നിരുന്നു. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഇക്കൂട്ടത്തിലില്ല. വാട്ടർ മെട്രോയുടെ ഇൻറഗ്രേറ്റഡ് മൾട്ടിമോഡൽ ട്രാൻസ്പോർട്ടേഷൻ ടെർമിനലിലെ ബസ് വെയിറ്റിംഗ് ബേയ്ക്ക് സമീപമാണ് നേച്ചർ തീം പാർക്ക് വരുന്നത്. നമ്പർ 13 ബസ്ബേയ്ക്ക് പിന്നിൽ കണിയമ്പുഴ ആറിന് തീരത്തുള്ള 5.5 ഏക്കർ സ്ഥലമാണ് പാർക്കിനായി നവീകരിക്കുക.

ശില്പഗാലറി, വിനോദപരിപാടികൾ നടത്താനുള്ള രണ്ട് റിക്രിയേഷണൽ ഏരിയ, ഫുഡ് കിയോസ്ക്, കളിസ്ഥലം എന്നിവ പാർക്കിൽ ഉണ്ടാകും. കുട്ടികളുടെ ബുദ്ധിവികാസത്തിനും അവർക്കുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനുമായി സെൻസറി പ്ലേ എക്യുപ്മെന്റും സ്ഥാപിക്കും. നടപ്പാതകൾ, ബെഞ്ചുകൾ എന്നിവയും സ്ഥാപിക്കും. സിസിടിവി കാമറകളും ഉണ്ടാകും. 5.43 കോടിയാണ് ചെലവ് കണക്കാക്കുന്നത്.




# ഗവേഷണം കർഷകർക്കും സഹമൂഹത്തിനും ഉപകരിക്കുന്നതാകണം ഡോ ശോശാമ്മ ഐപ്

**കൊച്ചി:** ഗവേഷണം കർഷകർക്കും സമൂഹത്തിനും ഉപകരിക്കുന്നതാകണമെന്ന് വെച്ചൂർ പശു സംരക്ഷണത്തിലൂടെ ശ്രദ്ധേയയായ ഡോ ശോശാമ്മ ഐപ്. കടൽ ജീവികളുടെ ജനിതക പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.ഉൽപാദനം കൂട്ടുന്നതിനൊപ്പം, ജൈവവൈവിധ്യസംരക്ഷണത്തിനും ശാസ്ത്രജ്ഞർ പ്രാധാന്യം നൽകണം. വംശനാശത്തിൽ നിന്നും ജീവികളെ സംരക്ഷിക്കുന്നതിന് ജീനോം വിശകലനം അടക്കമുള്ള ജനിതകപഠനങ്ങൾക്ക് നിർണായക പങ്കുണ്ട്.

വെച്ചൂർ പശു സംരക്ഷണം അത്ര എളുപ്പമായിരുന്നില്ല. വംശനാശത്തിന്റെ വക്കിലായിരുന്ന ഇവയെ പ്രജനനം നടത്തി സംരക്ഷിക്കാനുള്ള ശ്രമം ആരംഭിക്കുമ്പോൾ വെറും എട്ട് പശുക്കൾ മാത്രമാണുണ്ടായിരുന്നത്. വിജയം നേടാൻ നിരവധി വെല്ലുവിളികൾ അതിജീവിക്കേണ്ടി വന്നു. ജീവജാലങ്ങളും അവയുടെ പ്രകൃതിയുമായുള്ള സങ്കീർണമായ ബന്ധം മനസ്സിലാക്കൽ ശാസ്ത്ര ഗവേഷകർക്ക് അനിവാര്യമാണ്.ജീനോം ഡീകോഡിംഗ്, ജീൻ എഡിറ്റിംഗ് തുടങ്ങിയ ജനിതക പഠന മേഖകളിൽ വെല്ലുവിളികൾ നേരിടാൻ വിവിധ ഗവേഷണ സ്ഥാപനങ്ങൾ തമ്മിൽ സഹകരണം ആവശ്യമാണെന്നും ഡോ ശോശാമ്മ ഐപ് പറഞ്ഞു.സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു.

കടൽജീവികളുടെ ജനിതകപഠന മേഖലയിൽ ഏറ്റവും പുതിയ അറിവും സാങ്കേതികവിദ്യകളും യുവഗവേഷകരെ പരിചയപ്പെടുത്തുന്ന സിഎംഎഫ്ആർഐ വിന്റർ സ്കൂൾ 21 ദിവസം നീണ്ടു നിൽക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവ ശാസ്ത്രജ്ഞരും സർവകലാശാല അധ്യാപകരുമാണ് പങ്കെടുക്കുന്നത്.മറൈൻ ബയോടെക്നോളജി ഫിഷ് ന്യൂട്രീഷൻ ആന്റ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ കാജൽ ചക്രവർത്തി, വിന്റർ സ്കൂൾ കോഴ്സ് ഡയറക്ടർ ഡോ സന്ധ്യ സുകുമാരൻ, കോഴ്സ് കോർഡിനേറ്റർ ഡോ സുമിത്ര ടി ജി എന്നിവർ പ്രസംഗിച്ചു.

# ഐസിഎൽ ഫിൻകോർപ്പ് സെക്യൂർഡ് എൻസിഡി: സേവനങ്ങൾ ശക്തിപ്പെടുത്താൻ ഐസിഎൽ

**കൊച്ചി:** നോൺബാങ്കിംഗ് ധനകാര്യ സ്ഥാപനമായ ഐസിഎസിൽ ഫിൻകോർപ്പ് CRISIL BBB STABLE റേറ്റിംഗുള്ള സെക്യൂർഡ് റെഡീമബിൾ എൻസിഡി പബ്ലിക് ഇഷ്യുവിലൂടെ സമാഹരിക്കുന്ന പണം കമ്പനിയുടെ ഗോൾഡ് ലോൺ സേവനം കൂടുതൽ ശക്തിപ്പെടുത്താനും ഏറ്റവും നൂതനമായ സാമ്പത്തിക സേവനങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കാനുമാണ് ഐസിഎൽ ഫിൻകോർപ്പ് ലക്ഷ്യമിടുന്നതെന്ന് സിഎംഡി അഡ്വ. കെ. ജി. അനിൽകുമാർ, വൈസ് ചെയർമാനും സിഇഒയുമായ ഉമ അനിൽകുമാറും പറഞ്ഞു. നിക്ഷേപകർക്ക് ആകർഷകമായ ആദായ നിരക്കും, ഫ്ളെക്സിബിൾ കാലാവധിയും ഉറപ്പാക്കുന്ന സുരക്ഷിതമായ സേവനമാണ് ഐസിഎൽ ഫിൻകോർപ്പ് മുന്നോട്ട് വെയ്ക്കുന്നത്. എല്ലാത്തരം നിക്ഷേപകർക്കും പങ്കെടുക്കാനാവുന്ന രീതിയിലാണ് ഇഷ്യൂ തയാറാക്കിയിരിക്കുന്നത്. 1000 മുഖവിലയുള്ള ഇഷ്യൂ 2025 ജനുവരി 21 വരെ ലഭ്യമാണ്. പൂർണ്ണമായി സബ്സക്രൈബ് ചെയ്തിട്ടുണ്ടെങ്കിൽ, ഇഷ്യ നേരത്തെ തന്നെ അവസാനിക്കും. 10,000 രൂപയാണ് മിനിമം അപ്ലിക്കേഷൻ തുക. എൻസിഡികൾ. 68 മാസത്തെ കാലാവധിക്ക് ഇരട്ടി തുകയാണ് നിക്ഷേപകന് കമ്പനി വാഗ്ദാനം ചെയ്യുന്നത്. 60 മാസത്തേക്ക് 12.50%, 36 മാസത്തേക്ക് 12.00%, 24 മാസത്തേക്ക് 11.50%, 13 മാസത്തേക്ക് 11.00% എന്നിങ്ങനെയാണ് ഓരോ കാലയളവിലെയും ഉയർന്ന പലിശ നിരക്ക്. 10 നിക്ഷേപ ഓപ്ഷനുകൾ നൽകിക്കൊണ്ട് നാല് വ്യത്യസ്ത സ്ക്രീമുകൾ കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്. കൂടുതൽ അറിയുവാനും ഇഷ ഘടന മനസ്സിലാക്കുന്നതിനും നിക്ഷേപകർക്ക് www.iclfincorp.com ൽ നിന്ന് ഇഷ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യാം. അപേക്ഷാ ഫോറം ഇതേ വെബ്സൈറ്റിൽ ലഭിക്കുന്നതായിരിക്കും. നിക്ഷേപകർക്ക് അടുത്തുള്ള ഐസിഎൽ ഫിൻകോർപ്പ് ബ്രാഞ്ച് സന്ദർശിക്കുകയോ 1800 31 333 53, +91 85890 01187, +91 85890 20137, +91 85890 20186 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്



# ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ ലക്ഷ്മിനാരായണ പൂജ

പിറവം: ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ എട്ടാമത് സ്ഥാപകദിനാഘോഷത്തിന് മുന്നോടിയായി സർവകലാശാലയിൽ ലക്ഷ്മിനാരായണ പൂജ നടത്തി. സർവകലാശാലയുമായി വിവിധ തലങ്ങളിൽ സഹകരിക്കുന്നവരുടെ ഐശ്വര്യവും ക്ഷേമവും ലക്ഷ്യമിട്ടാണ് എല്ലാവർഷവും ലക്ഷ്മി നാരായണപൂജ നടത്തുന്നത്. സർവകലാശാലയുടെ ഒണക്കൂറിലെ ലളിത പ്രതിഷ്ഠാനത്തിലായിരുന്നു ചടങ്ങുകൾ.

രാവിലെ ഒൻപത് മണിയോടെ തുടങ്ങിയ ചടങ്ങുകൾ ഉച്ചയ്ക്ക് ഒരു മണിയോടെയാണ് പൂർത്തിയായത്. പൂജയുടെ ഭാഗമായി മഹാപ്രസാദവിതരണവും നടന്നു. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല റജിസ്ട്രാർ പ്രൊഫ.ടി.അശോകൻ, ചിന്മയ വിശ്വവിദ്യാപീഠം ട്രസ്റ്റ് എക്സിക്യൂവ് സെക്രട്ടറി എൻ.എം.സുന്ദർ, ട്രസ്റ്റിന്റെ നിയുക്ത ജോയിന്റ് സെക്രട്ടറി ബി.ഭവേഷ്, ചീഫ് കോർഡിനേറ്റിങ് ഓഫീസർ അനന്തനാരായണ ആയ്യർ, ഡീൻ ഡോ.സുനീത ഗ്രാന്ധി, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് കൃഷ്ണകുമാരൻ തമ്പി, സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ അധ്യാപകർ, വിദ്യാർഥികൾ മറ്റു ജീവനക്കാർ തുടങ്ങിയവർ ചടങ്ങുകളിൽ പങ്കെടുത്തു.



# കൊച്ചി മെട്രോ രാജ്യത്തിന്റെ അഭിമാന പദ്ധതി: മന്ത്രി പി രാജീവ്

**കൊച്ചി:** കൊച്ചി മെട്രോ ഇന്ന് രാജ്യത്തിന്റെ അഭിമാനകരമായ പദ്ധതിയായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നും പ്രവർത്തന ലാഭമുണ്ടാക്കുന്ന ഒരു സ്ഥാപനമായി കൊച്ചി മെട്രോയ്ക്ക് മാറാൻ കഴിഞ്ഞത് അഭിമാനകരമാണെന്നും വ്യവസായ, നിയമ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു.കൊച്ചി മെട്രോ ഇലക്ട്രിക് ബസ് സർവ്വീസ് കളമശേരി ബസ്സ്റ്റാൻഡിൽ ഫ്ലാഗ് ഓഫ് ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.ലോകത്ത് ഒരിടത്തും മെട്രോ സാമ്പത്തികമായി ലാഭത്തിൽ ഓടുന്നില്ല. എന്നാൽ മറ്റുപല ഘടകങ്ങളും പരിഗണിക്കുമ്പോഴാണ് ഇത്തരം പദ്ധതികൾ ലാഭത്തിലാണ് എന്ന് പറയാൻ കഴിയുക.. ഇത്തരം സേവന പദ്ധതികൾ പ്രവർത്തിക്കുമ്പോൾ ഉൽപ്പാദനക്ഷമത കൂടും. മലീനികരണം കുറയും. കാര്യക്ഷമത വർധിക്കും. അങ്ങനെയുള്ള സാമൂഹ്യ ഘടകങ്ങൾ പരിഗണിക്കുമ്പോഴാണ് സമൂഹത്തിന് ഒരു പദ്ധതി ലാഭകരമാണ് എന്ന് കണക്കാക്കുന്നത്.മെട്രോയുടെ തുടക്കത്തിൽ പാർക്കിംഗിനുള്ള സ്ഥലം വേണ്ടത്ര ഏറ്റെടുക്കാൻ കഴിഞ്ഞിരുന്നില്ല. ആ പോരായ്മ പരിഹരിക്കാനാണ് ഇപ്പോൾ കണക്ടിവിറ്റി സംവിധാനത്തിന് കൊച്ചി മെട്രോ നേതൃത്വം നൽകുന്നത്. വാട്ടർ മെട്രോ ഇപ്പോൾ ദേശീയതലത്തിൽ തുടങ്ങാൻ പോവുകയാണ് എന്നത് കേരളത്തിന് അഭിമാനക്കാവുന്ന കാര്യമാണ് എന്നും അദ്ദേഹം പറഞ്ഞു.കളമശേരി മെഡിക്കൽ കോളെജിൽ പുതിയ ബ്ലോക്ക് ഉൽഘാടനം ചെയ്യാൻ പോവുകയാണ്. ജൂഡിഷ്യൽ സിറ്റിയുടെ രൂപരേഖയ്ക്ക് തത്വത്തിൽ അംഗീകാരമായി. സീ പോർട്ട് എയർപോർട്ട് റോഡ് ജില്ലയിലെ മുൻഗണനാ പദ്ധതിയായി മാറ്റി. 900 കോടിയുടെ ലോജിസ്റ്റിക് പാർക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. ഈ പ്രദേശം വലിയ മാറ്റത്തിനാണ് സാക്ഷ്യം വഹിക്കുന്നത്. ഇലക്ട്രിക് ബസുകളുടെ കണക്ടിവിറ്റി വരുന്നതോടെ ജനങ്ങൾക്ക് വളരെ സൗകര്യപ്രദമാകും എന്നുമാത്രമല്ല മെട്രോയ്ക്കും അത് ലഭാകരമാകും എന്നും പി രാജീവ് പറഞ്ഞു. ഹൈബി ഈഡൻ എം പി.എം.എൽ എ മാരായ കെ.എൻ ഉണ്ണികൃഷ്ണൻ, അൻവർ സാദത്ത് കളമശേരി മുനിസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ, കൗൺസിലർ ജമാൽ മണക്കാടൻ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ, അഡീഷണണൻ ജനറൽ മാനേജർ( അർബൻ ട്രാൻസ്പോർട്ട്) ഗോകുൽ റ്റി.ജി, തുടങ്ങിയവർ സംസാരിച്ചു. ഫ്ലാഗ് ഓഫിനു ശേഷം മന്ത്രി പി രാജീവ്, ഹൈബി ഈഡൻ എം പി, എം.എൽ മാർ തുടങ്ങിയവർ ഇലക്ടിക് ബസിൽ കളമശേരി മെട്രോ സ്റ്റേഷൻ വരെ യാത്ര ചെയ്തു.വ്യാഴാഴ്ച രാവിലെ മുതൽ ആലുവ എയർപോർട്ട് റൂട്ടിലും കളമശേരി റൂട്ടിലും സർവ്വീസ് ലഭ്യമായിരിക്കും. തുടർന്ന് ഘട്ടം ഘട്ടമായി മറ്റ് റൂട്ടുകളിലും സർവ്വീസ് ആരംഭിക്കും.ഇലക്ടിക് ബസിന്റെ ചാർജിംഗ്, ഓപ്പറേഷണൽ ഷെഡ്യൂളിംഗ് സാങ്കേതിക സഹായം എന്നിവ ജിഐസി ആണ് നൽകുന്നത്. ടിക്കറ്റിംഗ് സൊലൂഷൻ സേവനം ആക്സിസ് ബാങ്ക്, ഗ്രാൻഡ് ലേഡി പ്രൈവറ്റ് ലിമിറ്റഡ് എന്നിവ നൽകുന്നു.



# ആലുവ എയർപോർട്ട് റൂട്ടിൽ 80 രൂപ; അഞ്ച് കിലോമീറ്റർ യാത്രയ്ക്ക് മിനിമം 20 രൂപ

ആലൂവഇന്റർനാഷണൽ എയർപോർട്ട്, കളമശേരിമെഡിക്കൽ കോളെജ്, ഹൈക്കോർട്ട് എംജി റോഡ് സർക്കുലർ, കടവന്ത്ര കെ.പി വള്ളോൻ റോഡ് സർക്കുലർ, കാക്കനാട് വാട്ടർമെട്രോഇൻഫോപാർക്ക്, കിൻഫ്രപാർക്ക്, കളക്ട്രേറ്റ് എന്നീ റൂട്ടുകളിലാണ് തുടക്കത്തിൽ ഇലക്ട്രിക് ബസ് സർവ്വീസുകൾ ആരംഭിക്കുന്നത്. ആലുവ എയർപോർട്ട് റൂട്ടിൽ 80 രൂപയും മറ്റു റൂട്ടുകളിൽ അഞ്ച് കിലോമീറ്റർ യാത്രയ്ക്ക് മിനിമം 20 രൂപയുമാണ് പൂർണമായും എയർകണ്ടീഷൻ ചെയ്ത ഇലക്ട്രിക് ബസിലെ യാത്ര നിരക്ക്. കൊച്ചി മെട്രോ, വാട്ടർ മെട്രോ സ്റ്റേഷനുകളിലേക്കുള്ള ഫസ്റ്റ് മൈൽലാസ്റ്റ് മൈൽ കണക്ടിവിറ്റി വർധിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് 15 ഇലക്ട്രിക് ബസുകൾ വാങ്ങി കൊച്ചി മെട്രോ സർവ്വീസ് നടത്തുന്നത്.

എയർപോർട്ട് റൂട്ടിൽ നാലു ബസുകളും കളമശേരി റൂട്ടിൽ രണ്ട് ബസുകളും ഇൻഫോപാർക്ക് റൂട്ടിൽ ഒരു ബസും കളക്ട്രേറ്റ് റൂട്ടിൽ രണ്ട് ബസുകളും ഹൈക്കോർട്ട് റൂട്ടിൽ മൂന്നു ബസുകളും കടവന്ത്ര റൂട്ടിൽ ഒരു ബസുമാണ് സർവ്വീസ് നടത്തുന്നത്

എയർപോർട്ട് റൂട്ടിൽ തിരക്കുള്ള സമയങ്ങളിൽ 20 മിനിറ്റ് ഇടവിട്ടും തിരക്കില്ലാത്ത സമയങ്ങളിൽ 30 മിനിറ്റും ഇടവിട്ട് സർവ്വീസുകൾ ഉണ്ടാകും. രാവിലെ 6.45 മുതൽ സർവ്വീസ് ആരംഭിക്കും. രാത്രി 11 മണിക്കാണ് എയർപോർട്ടിൽ നിന്ന് ആലുവയിലേക്കുള്ള അവസാന സർവ്വീസ്.

കളമശേരിമെഡിക്കൽ കോളെജ് റൂട്ടിൽ 30 മിനിറ്റ് ഇടവിട്ട് സർവ്വീസ് ഉണ്ടാകും. രാവിലെ 8.30 മുതൽ വൈകിട്ട് 7.30 വരെയാണ് സർവ്വീസ്. കാക്കനാട് വാട്ടർ മെട്രോ കിൻഫ്രാ ഇൻഫോപാർക്ക് റൂട്ടിൽ രാവിലെ 8 മണിമുതൽ വൈകിട്ട് 7 മണിവരെ 25 മിനിറ്റ് ഇടവിട്ട് സർവ്വീസ് ഉണ്ടാകും.

കാക്കനാട് വാട്ടർ മെട്രോ കളക്ട്രേറ്റ് റൂട്ടിൽ 20 മിനിറ്റ് ഇടവിട്ട് രാവിലെ 8 മണി മുതൽ വൈകിട്ട് 7.30 വരെ സർവ്വീസ് ഉണ്ടാകും. ഹൈക്കോർട്ട്എംജിറോഡ് സർക്കുലർ റൂട്ടിൽ 10 മിനിറ്റ് ഇടവിട്ട് രാവിലെ 8.30 മുതൽ വൈകിട്ട് 7.30 വരെയു കടവന്ത്ര കെ.പി വള്ളോൻ റോഡ് പനമ്പിള്ളി നഗർ റൂട്ടിൽ 25 മിനിറ്റ് ഇടവിട്ട് രാവിലെ 9 മണി മുതൽ വൈകിട്ട് എഴ് മണിവരെയും സർവ്വീസ് ഉണ്ടാകും.

# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ദി ഹ്യൂമൻ പൊട്ടൻഷ്യൽ കോൺക്ലേവ് ഇഗ്നൈറ്റ് 2025

**ബെംഗളൂരു:** ഇന്ത്യയിലുടനീളമുള്ള ബാങ്കുകളിൽ നിന്നുള്ള എച്ച്ആർ, പരിശീലന മേധാവികളുടെ ഒത്തുചേരലായ 'ഹ്യൂമൻ പൊട്ടൻഷ്യൽ കോൺക്ലേവ് ഇഗ്നൈറ്റ് 2025' ന്റെ ഉദ്ഘാടന പതിപ്പ് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പ്രഖ്യാപിച്ചു. ഈ രണ്ട് ദിവസത്തെ കോൺക്ലേവ് 2025 ജനുവരി 17, 18 തീയതികളിൽ ബെംഗളൂരുവിലെ യൂണിയൻ ബാങ്ക് ലേണിംഗ് അക്കാദമി & നോളജ് സെന്ററിൽ നടക്കും.

ബാങ്കിംഗ്, ധനകാര്യ മേഖലകളിലെ പ്രമുഖ നേതാക്കളെ ഒരുമിച്ച് കൊണ്ടുവന്ന് മനുഷ്യവിഭവശേഷിയിലെ ഉയർന്നുവരുന്ന പ്രവണതകൾ, വെല്ലുവിളികൾ, അവസരങ്ങൾ എന്നിവ ചർച്ച ചെയ്യുക എന്നതാണ് കോൺക്ലേവിന്റെ ലക്ഷ്യം. മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, നെറ്റ്വർക്കിംഗ് സെഷനുകൾ എന്നിവ പരിപാടിയിൽ ഉണ്ടായിരിക്കും,

കേന്ദ്ര ധനകാര്യ മന്ത്രാലയത്തിലെ ധനകാര്യ സേവന വകുപ്പ് (ഡിഎഫ്എസ്) സെക്രട്ടറി നാഗരാജു മദ്ദിരല കോൺക്ലേവിൽ മുഖ്യ പ്രഭാഷണം നടത്തും.

# വോക്ക് ദിസ് വേ: ചൈനീസ് ഫുഡ് ഫെസ്റ്റിവലുമായി ഒ ബൈ താമര

**തിരുവനന്തപുരം:** ചൈനീസ് ഫുഡ് ഫെസ്റ്റിവൽ "വോക്ക് ദിസ് വേ" സംഘടിപ്പിച്ച് തിരുവനന്തപുരം ഒ ബൈ താമര. ഒ ബൈ താമര ഹോട്ടലിലെ ഒ കഫേയിലാണ് ജനുവരി 16 മുതൽ 19 വരെ ഫുഡ് ഫെസ്റ്റ് നടത്തുന്നത്.ഡിം സം, റൈസ് ന്യൂഡിൽ സ്റ്റിർഫ്രൈ, പീക്കിങ് ഡക്ക്, ഹണി ഗ്ലേസ്ഡ് പോർക്ക് തുടങ്ങിയ ചൈനീസ് വിഭവങ്ങളും സെചാൻ, ഹുനാൻ തുടങ്ങിയ പ്രദേശങ്ങളിലെ വിവിധ വിഭവങ്ങളുൾപ്പടെ ചൈനീസ് പാരമ്പര്യമുൾക്കൊള്ളുന്ന രുചികരമായ ഭക്ഷണ വിഭവങ്ങൾ ഒ ബൈ താമരയിൽ ആസ്വദിക്കാം.1899++ രൂപയാണ് നിരക്ക്. റിസർവേഷന്: +9180 65551111.

# ഐഡിബിഐ ചിരഞ്ജീവി സൂപ്പർ സീനിയർ സിറ്റിസൺ എഫ്ഡി

**കൊച്ചി** :80 വയസ്സിനും അതിനുമുകളിലും പ്രായമുള്ള വ്യക്തികളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക ഫിക്സഡ് ഡെപ്പോസിറ്റ് ഉൽപ്പന്നമായ 'ഐഡിബിഐ ചിരഞ്ജീവിസൂപ്പർ സീനിയർ സിറ്റിസൺ എഫ്ഡി' ആരംഭിച്ചതായി ഐഡിബിഐ ബാങ്ക് പ്രഖ്യാപിച്ചു. ബാങ്കിന്റെ സ്റ്റാൻഡേഡ് ഫിക്സഡ് ഡെപ്പോസിറ്റ് നിരക്കുകളേക്കാൾ 65 ബേസിസ് പോയന്റുകളും (ബിപിഎസ്) സീനിയർ സിറ്റിസൺ നിരക്കുകളേക്കാൾ 15 ബേസിസ് പോയന്റുകളും (ബിപിഎസ്) ഈ സംരംഭത്തിലൂടെ ബാങ്ക് വാഗ്ദാനം ചെയ്യുന്നു.

# സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷനും കേന്ദ്ര സർക്കാർ സ്ഥാപനമായ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനും ചേർന്ന് വനിതകൾക്കായി ജനുവരി 21, 22, 23 തീയതികളിൽ ആലുവ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിൽ അച്ചാർ നിർമാണത്തിൽ പരിശീലനം നൽക്കുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. വിവരങ്ങൾക്ക്; 9072600771, 04843548159




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com